

ഡോ. കെ. ഭാസ്കരൻനായർ

# പ്രകൃതിപാഠങ്ങൾ

Dr. K. Bhaskaran Nair,
Museum Bain's Compound,
Trivandrum-1. (Tel: 5083)

4

# പ്രകൃതിപാഠങ്ങൾ

Digitized by Kerala Sahitya Akademi

(Malayalam)

# Prakrithipadangal–II

Science

By Dr. K. BHASKARAN NAIR

First Published January 1971

PRINTED AT INDIA PRESS, KOTTAYAM

Price Rs. 1·50

Copyright
Dr. K. Bhaskaran Nair

Publishers:
Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department:
NATIONAL BOOK STALL
KOTTAYAM - TRIVANDRUM - ERNAKULAM - TRICHUR
PALGHAT - CANNANORE - QUILON - KOZHIKODE

Digitized by Kerala Sahitya Akademi

# പ്രകൃതിപാഠങ്ങൾ

(രണ്ടാം ഭാഗം)

**ഡോ. കെ. ഭാസ്കരൻനായർ**

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

---

**നാഷനൽ ബുക്ക്സ്റ്റാൾ**
**കോട്ടയം**

വില ക. 1.50

Digitized by Kerala Sahitya Akademi

## ഡോ. കെ. ഭാസ്കരൻനായരുടെ

## കൃതികൾ

- ശാസ്ത്രദീപിക
- ഉപഹാരം
- ചിന്താതീർത്ഥം
- താരാപഥം
- ദൈവനീതിക്കു ദാക്ഷിണ്യമില്ല
- കലയും കാലവും
- ധന്യവാദം
- ഏഴു മാർഗ്ഗം
- സംസ്കാരലോചനം
- പുതുമയുടെ ലോകം
- ഓഫ് വീഡെർ സേഹൻ
- പ്രകൃതിപാഠങ്ങൾ

S2482 B1579 82/70_71 1_2000 JK 112

Digitized by Kerala Sahitya Akademi

# ഉള്ളടക്കം


1. വേഴാമ്പൽ
2. നക്ഷത്രം
3. പറങ്കിപ്പടക്കപ്പൽ
4. കണവ അഥവാ കടലിലെ മഷിക്കുപ്പി
5. ഒട്ടകപ്പക്ഷി
6. കടൽപേന
7. ചൊറി
8. മത്സ്യവാത്സല്യം
9. മുനിഞ്ഞണ്ടു്
10. കപ്പൽത്തുരപ്പൻ
11. മുള്ളൻതേങ്ങ അല്ലെങ്കിൽ മൂര
12. കടൽക്കുതിര
13. കടൽവെള്ളരിക്ക
14. വാവൽ വഴിയറിയുന്നതു്


Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# 1. വേഴാമ്പൽ

പണ്ടു് ഒരു കൃഷിക്കാരൻ പാടത്തു് ഉഴുതുകൊണ്ടു നില്ക്കുകയായിരുന്നു. അയാൾ വളരെ നേരത്തെ വേല തുടങ്ങിയതാണു്. വെയിലുറച്ചു. നേരം ഉച്ചയായി. എന്നിട്ടും ജോലി തീൎന്നില്ല. കാളകൾ മുതുകു വളച്ചു് നുകത്തിന്മേൽ ചുമലു ഞെരിച്ചു് വാലും ചുരുട്ടിയാട്ടി നടക്കുകയാണു്. അവയുടെ വായിൽനിന്നു് നുരയും പതയും വരുന്നുണ്ടു്. കൃഷിക്കാരൻ തിരക്കുകൂട്ടി. ചില ശബ്ദങ്ങളൊക്കെ പുറപ്പെടുവിച്ചു. വടികൊണ്ടു് അവയുടെ പുറം പൊളിച്ചുനോക്കി. എന്നിട്ടും അവയ്ക്കു് വേഗം കൂടിയില്ല. എന്താണു ചെയ്യുക? ഉഴവു് അന്നുതന്നെ തീൎന്നില്ലെങ്കിൽ കുഴപ്പമാകും. അടുത്തദിവസം വിതയ്ക്കണം. ഒടുവിൽ അയാൾക്കു ക്ഷമകെട്ടു. ദാഹം സഹിക്കവയ്യ. കാളകളെ പാടത്തു് നുകത്തിൻകീഴിൽ നിൎത്തിയിട്ടു് അയാൾ അടുത്തൊരു വീട്ടിൽ പോയി കുറെ വെള്ളംകോരി കുടിച്ചു. തണലത്തിരുന്നു് അല്പമൊന്നു വിശ്രമിച്ചശേഷം ജോലി തുടരുവാൻ അയാൾ പാടത്തു ചെന്നു.

എന്തൊരത്ഭുതം! അവിടെ കാളയുമില്ല, കലപ്പയുമില്ല. വിശാലമായ പാടത്തു് നാലുചുററും നോക്കി. ഒരിടത്തും കാണ്മാനില്ല. കുറെ അകലെ ജോലിചെയ്തുകൊണ്ടു നിന്നവരോടു ചോദിച്ചിട്ടു് ആരും കണ്ടില്ലെന്നു പറഞ്ഞു. ആരോ തന്നെ കളിപ്പിക്കുകയാണെന്നു വിചാ

Digitized by Kerala Sahitya Akademi

റിച്ചു് അയാൾക്കു കോപവും വന്നു. ശപിച്ചുകൊണ്ടു് അയാൾ ആ പാടത്തു ചുററിനടന്നു. അങ്ങനെ നടന്നപ്പോൾ പെട്ടെന്നു് കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ തോന്നി. അയാൾ രണ്ടുകൈകൊണ്ടും കണ്ണുതിരുമ്മി മിഴിച്ചുനോക്കി. അപ്പോൾ, അത്ഭുതമെന്നേ പറയാനുള്ളു, സ്ഥലമെല്ലാം ആകപ്പാടെ മാറിയിരിക്കുന്നതായിട്ടാണു കണ്ടതു്. ആരോ മുമ്പിൽ നില്ക്കുന്നുണ്ടു്. കാളയുടെ കാര്യം ചോദിക്കാമെന്നു കരുതി അയാൾ അടുത്തുചെന്നു.

അതൊരു വനദേവതയായിരുന്നു. മുഖം കോപംകൊണ്ടു ചുമന്നിരിക്കുന്നു. കണ്ണിൽനിന്നു് തീപ്പൊരി പാറുന്നുണ്ടു്. കുറച്ചൊരു പേടി തോന്നിയെങ്കിലും കൃഷിക്കാരൻ ധൈര്യംപൂണ്ടു ചോദിച്ചു:

"എൻെറ കാളേം കലപ്പേം കണ്ടോ?"

വനദേവത:—കണ്ടു. ഞാൻതന്നെയാണു് കൂട്ടിക്കൊണ്ടു പോന്നതു്.

കൃഷിക്കാരൻ:—എന്തിനു്? കാള എൻേറതാണു്. ഉഴവു് പകുതിയേ ആയിട്ടുള്ളു. ഇതു് വലിയ അക്രമം തന്നെ.

വനദേവത:—അക്രമമോ? നീ ചെയ്തതോ?

കൃഷിക്കാരൻ:—ഞാനെന്തു ചെയ്തു? എടാ പാടേ! അവനവൻെറ തൊഴില്നോക്കുന്നതും കുററമായോ?

വനദേവത:—ദ്രോഹീ! നിന്നെപ്പോലെ വിശപ്പും ദാഹവുമുള്ള ആ സാധുജന്തുക്കളെ ഉച്ചവെയിലത്തു് നുകത്തിൻകീഴിൽ നിർത്തിയിട്ടല്ലേ നീ പോയി വെള്ളം കുടിച്ചതു്?

കൃഷിക്കാരൻ:—അതിനിപ്പോഴെന്തുവേണം? വേഗം എൻെറ കാളേം കലപ്പേം തരുന്നോ? എനിക്കു നേരമില്ല.

Digitized by Kerala Sahitya Akademi

വനദേവത:—കരുണയില്ലാത്തവനേ! നിനക്കു കോപംവരുന്നു, അല്ലേ? ശരി, ഇതാ നിൻെറ കലപ്പ. നീ അതു് എന്നും തലയിൽ ചുമന്നുകൊണ്ടു നടക്കുന്ന ഒരു പക്ഷിയായിത്തീരട്ടെ. നിനക്കു് ഒരിക്കലും വെള്ളം കുടിക്കാൻ ഇടവരികയില്ല. നിൻെറ കൊക്കിനു താഴെ ഒരു ദ്വാരമുണ്ടായിരിക്കും.

കൃഷിക്കാരൻ സ്തംഭിച്ചുപോയി. വനദേവതമാരുടെ ശാപത്തിനു് അഴിവില്ലെന്നു് അയാൾക്കറിയാമായിരുന്നു. താൻ ചെയ്ത ക്രൂരകൃത്യത്തിൻെറ ഗൗരവം അപ്പോഴാണു് അയാൾക്കു മനസ്സിലായതു്. അയാൾ വനദേവതയുടെ കാല്ക്കൽ വീണു.


കൃഷിക്കാരൻ:— (കരഞ്ഞുകൊണ്ടു്) അയ്യോ! രക്ഷിക്കണേ! എന്തെങ്കിലും ഒരു ഒഴികഴിവു് പറഞ്ഞുതരണേ!

വനദേവത:—ശരി. മഴപെയ്യുമ്പോൾ കൊക്കു് മേലോട്ടുപിടിച്ചു് നീ ദാഹം തീർത്തുകൊള്ളുക.

ഇത്രയും പറഞ്ഞുകൊണ്ടു് വനദേവത മറഞ്ഞു. കരുണയില്ലാത്ത ഈ കൃഷിക്കാരനാണു് വേഴാമ്പൽ എന്ന പക്ഷിയായിത്തീന്നതു്. അന്നു് ആ നട്ടുച്ചനേരത്തു് പാടത്തുവെച്ചു ചെയ്ത പാപത്തിൻെറ ഫലം അവൻ അനുഭവിക്കുന്നു.

ചിത്രം നോക്കുക. ഇതാണു വേഴാമ്പൽ. ഒരു കാക്കയുടെ ഇരട്ടി വലിപ്പം കാണും. കൊക്കും തലയും വളരെ വിചിത്രമാണു്. തലയ്ക്കു മീതെയുള്ള സാധനം കണ്ടാൽ കലപ്പയുടെ കൊഴു ആണെന്നേ തോന്നുകയുള്ളു. കൊക്കിനു് വണ്ണവും നീളവും വളരെയുണ്ടു്. അതു് തുറന്നു് അടയ്ക്കുമ്പോഴുള്ള ശബ്ദം വളരെ ദൂരെ കേൾക്കാം. മേൽകൊക്കിൻെറയും കീഴ്കൊക്കിൻെറയും തുമ്പല്ലാതെ

Digitized by Kerala Sahitya Akademi



**വേഴാമ്പൽ**

ബാക്കിഭാഗം ചേർന്ന് അടുക്കുകയില്ല. ഇരയെ തുമ്പുകൊണ്ടു കൊത്തിയെടുത്തു മേലോട്ടെറിഞ്ഞു് വാപൊളിച്ചു തൊണ്ടയിലാക്കുകയാണു് അതിന്റെ പതിവു്. കൊക്കും തലയ്ക്കുമീതെയുള്ള 'കൊഴ'വും മഞ്ഞനിറമാണു്. ശരീരം ഇളംകറുപ്പു്. ഇടയ്ക്കിടയ്ക്കു് വെളുപ്പുമുണ്ടു്.

കൊക്കുകൊണ്ടുള്ള കോലടിക്കു പുറമേ, മറ്റു പക്ഷികളെപ്പോലെ വേഴാമ്പലും കരയാറുണ്ടു്. ഈ ശബ്ദം ഒരു മൈൽ ചുററുപാടും കേൾക്കുമെന്നു പറയുന്നു. ഭാര്യയും ഭർത്താവും ഒരുമിച്ചാണു നടപ്പു്. ചിലപ്പോൾ മൂന്നും നാലും ദമ്പതികളെ ഒരു സംഘമായി കാണാം. കിഴക്കൻ ദിക്കുകളിൽ പുഴകളോടടുത്തുള്ള കാട്ടിലാണു് അവയുടെ താമസം.

Digitized by Kerala Sahitya Akademi

വേഴാമ്പൽ ഉയൎന്ന വൃക്ഷങ്ങളുടെ പൊത്തുകളിലാ മുട്ടയിടുന്നു. മൂന്നോ നാലോ മുട്ടയേ കാണുകയുള്ളു. മുട്ടയി ട്ടാലുടൻതന്നെ പെൺപക്ഷി അടയിരിക്കും. അതിന്നായി വളരെ ഒരുക്കങ്ങൾ ചെയ്യാറുണ്ടു്. അവൾ സ്വന്തം മലവും ചെളിയും ചേൎത്തു കുഴച്ചു് പൊത്തിന്റെ ദ്വാരം അകത്തുനിന്നു് അടച്ചുകളയും. കൊക്കിന്റെ തുമ്പുമാത്രം വെളിയിലേക്കു നീട്ടാവുന്ന ഒരു ചെറിയ വിടവേ കാണുകയുള്ളു. മുട്ട വിരിയുന്നതുവരെ തന്നത്താനുണ്ടാക്കിയ ഈ തടവുമുറിയിലാണു് അവളുടെ താമസം. അവൾക്കു തീററികൊടുക്കേണ്ട ഭാരം ആൺപക്ഷിക്കാണു്. അവൻ അങ്ങിങ്ങു പറന്നുനടന്നു് ഇരതേടി കൊത്തിയെടുത്തു കൊണ്ടുവന്നു് ഭാൎയ്യക്കു കൊടുക്കും. അവനു് എന്തെങ്കിലും ആപത്തു വന്നാൽ അവളുടെ കാൎയ്യം മഹാകഷ്ടമാകും. അല്ലെങ്കിൽത്തന്നെയും അടയിരുപ്പുകഴിഞ്ഞു് പുറത്തുവരുമ്പോഴേക്കു് അവൾ വളരെ ക്ഷീണിച്ചു് വൃത്തികെട്ടു പോകും. മുട്ടയെല്ലാം വിരിഞ്ഞാൽ പെൺപക്ഷി കൂടു പൊളിച്ചു് പുറത്തുകടക്കും. പിന്നെ കുറേനാൾകൂടി അമ്മയും അച്ഛനുംകൂടി മക്കളെ പോററുന്നു. വേഴാമ്പലുകൾ ഒരേ പൊത്തുതന്നെ വീണ്ടും വീണ്ടും ഉപയോഗിക്കാറുണ്ടു്.

ബൎമ്മായിലുംമററും വേഴാമ്പലിൻെറ കൊക്കുകൾ ശേഖരിച്ചു് അവയ്ക്കുമേൽ കൊത്തുപണികൾചെയ്തു് കൗതുകവസ്തുക്കൾ നിൎമ്മിക്കാറുണ്ടു്. അതിൻെറ കൂടിന്മേൽ കാണുന്ന ചെളി ദൂരദേശങ്ങളിൽനിന്നു് കൊണ്ടു വരുന്നതാണെന്നും മരുന്നിനു കൊള്ളാമെന്നും ചില രാജ്യക്കാർ വിശ്വസിക്കുന്നു. വേഴാമ്പൽ നമ്മുടെ നാട്ടിലും ഉണ്ടെങ്കിലും അതിനെക്കൊണ്ടു് എന്തെങ്കിലും ഉപയോഗമുള്ളതായി ആരും പറഞ്ഞുകേട്ടിട്ടില്ല.


Digitized by Kerala Sahitya Akademi

## 2. നക്ഷത്രം

ആകാശത്തിന്റെ നീലപ്പലകയിൽ മിന്നിത്തിളങ്ങുന്ന കെടാവിളക്കല്ല, കടലിൽനിന്നു കരയ്ക്കെടുത്തിട്ടാൽ ചത്തുപോകുന്ന ഒരു ജന്തുവാണിതു്. അത്ഭുതകരമായ എന്തെന്തു രൂപങ്ങളിലാണു് ഈ ലോകത്തു ജീവൻ കുടികൊള്ളുന്നതെന്നു നോക്കുക! ജന്തുക്കൾ എന്നു പറഞ്ഞാൽ ഉടൻതന്നെ നിങ്ങൾ ഉടലും തലയും കൈയും കാലും വാലും എല്ലാം സങ്കല്പിച്ചുകഴിയും. ഈ അവയവങ്ങളില്ലാത്ത ജന്തുക്കളെക്കുറിച്ചു പറഞ്ഞു് നിങ്ങൾക്കു വിശ്വാസംവരുത്തുവാൻ പ്രയാസമാണെന്നു് അറിയാം. എത്ര പടം വരച്ചാലും, എത്ര ഉറപ്പിച്ചു പറഞ്ഞാലും ഈ പ്രയാസം ശേഷിക്കുമെന്നും തോന്നാറുണ്ടു്. നേരിട്ടു കണ്ടു് അതു് അനങ്ങുന്നതും തീററിയെടുക്കുന്നതും വേദനയേററു പുളയുന്നതും മനസ്സിലാക്കിയാലേ വിശ്വാസംവരുകയുള്ളു. ഇതു വിഷമമുള്ള കാര്യമല്ലെങ്കിലും തൽക്കാലം അതിനു നിവൃത്തിയില്ലെന്നു് അറിയാമല്ലോ.

നക്ഷത്രം നമ്മുടെ കടലിലുണ്ടു്. പല ജാതിയിലുമുണ്ടു്. വലിപ്പത്തിലും വ്യത്യാസം കാണാം. ചിലതു് ഒരു ഉറുപ്പികയോളമേയുള്ളു. മറ്റു ചിലതിനു് ഒരു പപ്പടകത്തിന്റെ വലിപ്പമുണ്ടാകും. ശരീരം പരന്നതാണു്. തലയും വാലും ഒന്നുമില്ല. അഞ്ചു നീണ്ട കൈകളുണ്ടു്. വായു് അടിവശത്തു നടുവിലാണു്. കൈകളുപയോഗിച്ചു പാറപ്പുറത്തുംമറ്റും നിരങ്ങിപ്പോകുന്നതു കാണാൻ കൗതുകം തോന്നും. ഇരിക്കുന്നയിരിപ്പിൽ ഏതു ചൊവ്വിനു നീങ്ങിയാലും മുന്നോട്ടാണെന്നു പറയാം. നമ്മെപ്പോലെ മുൻവശവും പിൻവശവും ഒന്നുമില്ലല്ലോ. അതി

Digitized by Kerala Sahitya Akademi



**നക്ഷത്രം**

ന്റെ ശരീരം ചുററിനും ചൊവ്വൊത്തതാണ്. നമുക്ക് അങ്ങനെയല്ല; ഇടവും വലവും മാത്രമേ ചൊവ്വൊത്തിട്ടുള്ളു. കാളയുടെയും കോഴിയുടെയും ഞണ്ടിന്റെയും വണ്ടിന്റെയും ഞാഞ്ഞൂലിന്റെപോലും കഥ ഇതുതന്നെയാണ്. നക്ഷത്രത്തിനും അതിന്റെ ചില ബന്ധുക്കൾക്കും മാത്രമേ ഇങ്ങനെ ഇടവും വലവും ഇല്ലാതുള്ളു. ചക്കരയ്ക്ക് അകവും പുറവും ഉണ്ടോ എന്നു പ്രായമുള്ളവർ ചോദിക്കുന്നതു കേട്ടിട്ടില്ലേ? അതുപോലെ നക്ഷത്രത്തിന് ഇടവും വലവും ഉണ്ടോ എന്നു നിങ്ങൾക്കും ചോദിക്കാം.

Digitized by Kerala Sahitya Akademi

ഈ ജന്തുവിൻെറ ശരീരം പരുപരുത്തതാണ്. ചിലതിനു മുള്ളുമുണ്ട്. അഞ്ചുകൈകളും കുറച്ചൊക്കെ വളയുമെന്നല്ലാതെ തിരിക്കാനും പിരിക്കാനും ഒന്നും സാദ്ധ്യമല്ല. അവയുടെ അടിവശത്ത് ആണിയുടെ ആകൃതിയിൽ എങ്ങനെ വേണമെങ്കിലും വളയ്ക്കാവുന്ന അല്ലികളുണ്ട്. ഈ അല്ലിക്കാലുകളുടെ സഹായത്താൽ നക്ഷത്രം കടലിലുള്ള ചിപ്പികളെയും മററും പിടിച്ച്, തോടു പിളന്ന് അകത്തുള്ള മാംസമെല്ലാം തിന്നാറുണ്ട്. ഇതല്ലാതെ എന്തു കിട്ടിയാലും അതിനു തിന്നുകൂടെന്നില്ല.

പുറത്ത് രണ്ടു കൈകളുടെ ഇടയ്ക്കു ചുവട്ടിലായി അരിമ്പാറപോലെ ഒരു സാധനം കാണുന്നില്ലേ? അത് ഇത്തരം ജന്തുക്കൾക്ക് എല്ലാം ഉള്ളതാണ്. അതിൽ ചെറിയ ചെറിയ ദ്വാരങ്ങളുണ്ട്. ഇവയിലൂടെ സമുദ്രജലം നക്ഷത്രത്തിൻെറ ശരീരത്തിനുള്ളിലേക്കു കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ഇങ്ങനെ അകത്തു വേണ്ടുവോളം വെള്ളമില്ലെങ്കിൽ അതിൻെറ അല്ലിക്കാലുകൾക്കു ബലം കിട്ടുകയില്ല.

നക്ഷത്രം മുട്ടയിടുകയാണു ചെയ്യുന്നതു്. മുട്ട വളരെ ചെറുതാണ്. എണ്ണം ലക്ഷക്കണക്കിലെത്തും. മുട്ട വെള്ളത്തിൽ വീണു വിരിഞ്ഞു്, നീന്തിനടക്കാൻ കഴിവുള്ള ചെറിയ കുഞ്ഞുങ്ങളാകുന്നു. ഇവയ്ക്കു് ഇടവും വലവുമുണ്ട്. കുറച്ചുകാലം ഇങ്ങനെ ജീവിച്ചശേഷം അവ രൂപം മാറി പാറപ്പുറത്തു നിരങ്ങുവാൻ തുടങ്ങും.

നക്ഷത്രത്തെയോ അതുപോലെയുള്ള മററു ജന്തുക്കളെയോ കരയ്ക്കെങ്ങും കാണാമെന്നു കരുതേണ്ട. അവയ്ക്കു വെള്ളത്തിൽ, അതും ഉപ്പുവെള്ളത്തിൽ മാത്രമേ ജീവിക്കാൻ കഴിവുള്ളു.

Digitized by Kerala Sahitya Akademi


# 3. പറങ്കിപ്പടക്കപ്പൽ

യൂറോപ്പുഭൂഖണ്ഡത്തിൽ പോർച്ചുഗൽ എന്നൊരു രാജ്യമുണ്ട്. തെക്കുപടിഞ്ഞാറെ അററത്താണ്. അവിടുത്തെ ആളുകളെയാണ നാം പറങ്കികൾ എന്നു വിളിക്കുന്നതു്. കാണാത്ത ആളുകൾക്കു നാമിങ്ങനെ പേരു കൊടുക്കുന്നതു് എന്തിനെന്നു നിങ്ങൾ സംശയിച്ചേക്കാം. അക്കാര്യം പറഞ്ഞാൽ ഒരു നീണ്ട കഥയാണ്. പത്തുമുന്നൂറു കൊല്ലം മുമ്പു് ആ രാജ്യക്കാർ നമ്മുടെ നാട്ടിൽ അത്ര അപരിചിതരല്ലായിരുന്നു. ആരും വിളിക്കാതെ, കുരുമുളകും ഏലക്കായും ചുക്കും മഞ്ഞളും വാങ്ങിക്കുവാനായിട്ടാണ് അവർ അന്നിവിടെ വന്നതു്. പക്ഷേ, ഉള്ള വില കൊടുത്തു കിട്ടിയതുംകൊണ്ടു പോവുക എന്ന മര്യാദ അവക്കില്ലായിരുന്നു. അവരിവിടെ പല അഴിമതികളും കാണിച്ചു. ഇങ്ങനെ ക്ഷണിക്കാതെ അന്യരാജ്യങ്ങളിൽ കയറിച്ചെന്നു് കശപിശയുണ്ടാക്കുക, പോകാൻപറഞ്ഞാലും പോകാതിരിക്കുക എന്നതു നാലഞ്ചുനൂററാണ്ടുകളായി വെള്ളക്കാരുടെ പതിവായിത്തീർന്നിട്ടുണ്ട്. അതുപോകട്ടെ. നിങ്ങൾ കുട്ടികളാണ്. ഇതിന്റെയെല്ലാം ഉള്ളുകള്ളി മനസ്സിലാകണമെങ്കിൽ കുറേക്കാലം കൂടി കഴിയണം.

പറങ്കിപ്പടക്കപ്പലുകൾ നമ്മുടെ കടലോരത്തു വന്നടുക്കുന്നതു പണ്ടു് എല്ലാവരും അറിയുന്ന സംഭവമായിരുന്നു. എന്തെന്നാൽ കച്ചവടം, അല്ലെങ്കിൽ കലാപം, രണ്ടിലൊന്നു് തീർച്ചയായും അതുകൊണ്ടു് ഉണ്ടാകാതിരിക്കുകയില്ല. അക്കാലമെല്ലാം കഴിഞ്ഞു. പറങ്കികളും പോയി, അതുകഴിഞ്ഞു വന്ന ബ്രിട്ടീഷുകാരും പോയി.

Digitized by Kerala Sahitya Akademi

ഇന്നും പറങ്കിപ്പടക്കപ്പലുകൾ നമ്മുടെ കടൽത്തീരത്തു വന്നടുക്കുന്നുണ്ട്. പക്ഷേ, അതാരും അറിയുന്നില്ല. കാരണം, അതുകൊണ്ടു യാതൊരു ഉപദ്രവവുമില്ല. അതൊരു ജന്തുവാണ്.



പറങ്കിപ്പടക്കപ്പൽ

പടം നോക്കുക. കൗതുകമുള്ള ആകൃതിയാണ്. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന കാററുനിറച്ച ഒരു

Digitized by Kerala Sahitya Akademi

സഞ്ചി. അതിന്റെ അടിവശത്തു് അനേകം അല്ലികൾ. ഇടയ്ക്കിടയ്ക്കു് നീണ്ട തോരണങ്ങളും. സഞ്ചിക്കു് ആറേഴ് ഇഞ്ചുവരെ നീളം കാണും. മയിലിന്റെ നിറമാണു്—നീലയോ പച്ചയോ എന്നു നമ്മെ പിടിച്ചുനിർത്തി ചിന്തിപ്പിക്കുന്ന നിറം. നല്ല തിളക്കവുമുണ്ടു്. തന്നത്താൻ നീന്താനുള്ള കഴിവൊന്നുമില്ല. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതുകൊണ്ടു കാററും തിരയും അടിച്ചു് അങ്ങോട്ടുമിങ്ങോട്ടും പോവുകയാണു ചെയ്യുന്നതു്. തോരണംപോലെ നീണ്ടു തൂങ്ങിക്കിടക്കുന്ന അവയവങ്ങൾ ആപൽക്കരങ്ങളാണു്. മത്സ്യങ്ങളും മററും അവയുടെ കുരുക്കിൽ പെട്ടാൽ രക്ഷപ്പെടുന്ന കാര്യം സംശയമാണു്. ചെറിയചെറിയ വിഷമുനക്കാരികൾ ലക്ഷക്കണക്കിനു് അവയിൽ നിറച്ചുവെച്ചിട്ടുണ്ടു്. എന്തിന്മേലെങ്കിലും തട്ടിയാൽ അടുത്ത മാത്രയിൽ അവ ആഞ്ഞു തറയ്ക്കും. അയില മുതലായി വലിയ മത്സ്യങ്ങൾപോലും ഇതേററാൽ ജീവിക്കുകയില്ല. വലിയതരം 'പടക്കപ്പലുകൾ' മനുഷ്യനെപ്പോലും അപകടത്തിലാക്കുമെന്നു പറയുന്നു. മനുഷ്യൻ നിർമ്മിക്കുന്ന പടക്കപ്പലുകൾ ചെയ്യുന്നതുപോലെ, ഇതു വെറും കൊലയ്ക്കുവേണ്ടിയുള്ള കൊലയല്ല. തീററിക്കുവേണ്ടിയുള്ള വിദ്യയാണു്. ചത്തുപോയ മത്സ്യം അടിവശത്തുള്ള അല്ലികളുടെ ഇടയ്ക്കു് തങ്ങിക്കിടക്കുകയും, അതിന്റെ മാംസം ഈ ജന്തുവിന്റെ ആഹാരമായിത്തീരുകയും ചെയ്യുന്നു. ചിലപ്പോൾ അനേകദിവസം അതിനെ തോരണങ്ങളിൽ തൂക്കിയിട്ടുകൊണ്ടു നടക്കാറുണ്ടു്.

അല്ലികളുടെ ഇടയ്ക്കു മുന്തിരിക്കുലപോലെ ഈ ജന്തുവിന്റെ മുട്ട കൂട്ടംകൂട്ടമായി തൂങ്ങിക്കിടക്കുന്നു. ഇവ ഓരോന്നായി വേർപെട്ടു്, വെള്ളത്തിൽ കിടന്നു വിരി

Digitized by Kerala Sahitya Akademi

ഞ്ഞു പുതിയ 'പടക്കപ്പല്ല്'കളായിത്തീരുന്നു. വളരെ നാൾകൊണ്ടേ പൂർണ്ണരൂപം പ്രാപിക്കുകയുള്ളു.

ഈ ജന്തുവിൻെറ തലയേതു്, വാലേതു്, കാലേതു്, കൈയേതു് എന്നൊക്കെ നിങ്ങൾ ആലോചിക്കുന്നുണ്ടാവും. വിഷമിക്കേണ്ട. ഇങ്ങനെയുള്ള അവയവങ്ങളൊന്നും ഈ ജന്തുവിൽ ഇല്ല. തീററിയെടുക്കാനും, മുട്ടയിട്ടു പുതിയ വ്യക്തികളെ ജനിപ്പിക്കാനും അതിനു കഴിവുണ്ടു്. ജന്തുക്കളുടെ ഏററവും പ്രധാനമായ ലക്ഷണം ഇതാണു്. മററു കാര്യങ്ങൾ അപ്രധാനങ്ങളാകുന്നു. അവ എല്ലാ ജന്തുക്കൾക്കും വേണമെന്നില്ല—എല്ലാ ജന്തുക്കളിലും കാണുന്നുമില്ല.

Digitized by Kerala Sahitya Akademi

# 4. കണവ അഥവാ കടലിലെ മഷിക്കുപ്പി

എൻെറ കുട്ടിക്കാലത്താണു്. ഒരിക്കൽ വീട്ടിലെ ഒരു പശുവിന്നു് എന്തോ സുഖക്കേടു വന്നു. വൈദ്യനെ വരുത്തി. അയാൾ നോക്കിയിട്ടു് 'കടൽനാക്കു്' അരച്ചിടണം എന്നു ചികിത്സ നിശ്ചയിച്ചു. എന്താണു് ഈ മരുന്നെന്നു ചോദിച്ചപ്പോൾ, അതു കടലിലെ നുരയും പതയും ഉറഞ്ഞുകൂടിയുണ്ടാകുന്ന ഒരു സാധനമാണെന്നു പറഞ്ഞു. അന്നു ഞാൻ അതു വിശ്വസിച്ചു. ഞങ്ങളുടെ ദിക്കു കടലിനടുത്തല്ലായിരുന്നതുകൊണ്ടു് ഈ വിശേഷപ്പെട്ട മരുന്നു് ഉണ്ടാകുന്നതെങ്ങനെയെന്നു നോക്കി മനസ്സിലാക്കുവാൻ സാധിച്ചില്ല. വാസ്തവം മനസ്സിലായതു വളരെനാൾ കഴിഞ്ഞാണു്. ആ നാട്ടിൻപുറത്തെ മൃഗവൈദ്യൻ പറഞ്ഞതു ശരിയല്ല. അയാൾക്കു് ആ സാധനത്തിൻെറ ഉപയോഗത്തെക്കുറിച്ചല്ലാതെ, അതു് എന്താണെന്നോ എങ്ങനെ ഉണ്ടാകുന്നു എന്നോ യാതൊരു വിവരവുമില്ലായിരുന്നു. അയാളെ കുററംപറഞ്ഞിട്ടും കാര്യമില്ല. മററാരും ഇല്ലാത്തതുകൊണ്ടു് അയാൾ വൈദ്യനായെന്നേയുള്ളു. എങ്കിലും ദോഷം പറയരുതല്ലോ. അന്നു ഞങ്ങളുടെ പശുവിനു സുഖം കിട്ടി.

കടൽനാക്കു് കടലിൽ ഉണ്ടാകുന്നതുതന്നെ എങ്കിലും അതിനു നുരയോടും പതയോടും ബന്ധമൊന്നുമില്ല. നുരയും പതയും ഉറഞ്ഞുകൂടിയാൽ മരുന്നു് എന്നില്ല, മറെറാന്നുംതന്നെ ഉണ്ടാവുകയില്ല. അതെല്ലാം വെറും കാററല്ലേ?

കടൽനാക്കു് ഒരു ജന്തുവിൻെറ അസ്ഥിയാണു്. കണവ എന്നു പറയും. ചിത്രം നോക്കുക. അതിൻെറ

Digitized by Kerala Sahitya Akademi



കണവ അഥവാ കടലിലെ മഷിക്കുപ്പി

മുതുകിലാണു് അസ്ഥി ഇരിക്കുന്നതു്. അസ്ഥി എന്നു പറഞ്ഞതുകൊണ്ടു നമ്മുടെ എല്ലുപോലെ കട്ടപ്പവും ബലവും ഉള്ളതാണെന്നു ധരിക്കരുതു്. അതിന്നു ഘനം വളരെ കുറവാണു്. വെള്ളത്തിലിട്ടാൽ പൊങ്ങിക്കിടക്കും. കണവ ചത്തു ചീഞ്ഞുപോകുമ്പോൾ ഈ അസ്ഥി ശേഷിക്കുകയും അതു തിരയടിച്ചു കരയ്ക്കു വന്നുകയറുകയും ചെയ്യുന്നു. നിറം നല്ല വെളുപ്പാണു്. നാക്കിന്റെ ആകൃതിയുമുണ്ടു്. നമ്മുടെ കടലോരത്തു് ഈ അസ്ഥികൾ പലപ്പോഴും കാണാവുന്നതാണു്. അതു മേശയും കസേരയും മററും മിനുക്കുവാൻ ഉപയോഗിക്കാറുണ്ടു്.

കണവ സാമാന്യം വലിയ ഒരു ജന്തുവാണു്. രണ്ടു മൂന്നു് അടി നീളം കാണും—അതായതു്, മുമ്പിൽ നീണ്ടു കാണുന്ന കൈകളുടെ തുമ്പുമുതൽ പുറകിലത്തെ അററം വരെ. ശരീരം പരന്നതാണു്. ഉരുണ്ട തലയിൽ ആകപ്പാടെ പത്തു കൈകളുണ്ടു്. ഇതിൽ രണ്ടെണ്ണം വളരെ നീളമുള്ളവയാണു്. രണ്ടും ഉള്ളിലേക്കു വലിച്ചു മറച്ചു വയ്ക്കുവാൻ സാധിക്കും. ഈ കൈകളുടെ ഇടയ്ക്കു നടുവിലാണു വായുടെ സ്ഥാനം.

ഉടലിന്റെ അടിവശത്തു് ഒരു ഉറയുണ്ടു്. ഇതിൽ വെള്ളം നിറച്ചു ശക്തിയോടെ പുറത്തേക്കു വിടുന്നതു കാണാം. ഇങ്ങനെ ചെയ്യുമ്പോൾ ശരീരം ഒന്നാകെ പുറകോട്ടു പായുന്നു. വേഗം നീങ്ങണമെങ്കിൽ അതു് എട്ടു



Digitized by Kerala Sahitya Akademi

ക്കുന്ന വിദ്യ ഇതാണു്. നാം പെട്ടെന്നു പാമ്പിനെ ച വിട്ടിയെന്നു വിചാരിക്കുമ്പോഴത്തെപ്പോലുള്ള ഒരു ചാട്ടമാണിതു്. നാം കാലുകൊണ്ടു കുതിക്കുന്നു. കണവ വെള്ളം മുന്നോട്ടു പായിച്ചു ശരീരത്തെ പിന്നോട്ടു കുതിപ്പിക്കുന്നു എന്നൊരു വ്യത്യാസമേയുള്ളു.

ആപത്തിൽനിന്നു രക്ഷപ്പെടുവാൻ കണവ അത്ഭുതകരമായ മറ്റൊരു വിദ്യയും പ്രയോഗിക്കാറുണ്ടു്. മറ്റു് ഏതെങ്കിലും ജന്തു ഉപദ്രവിക്കാൻ വന്നാൽ അതിനെ മഷികൊണ്ടു മൂടിയിട്ടു കണവ കടന്നുകളയും. മഷി എന്നു പറഞ്ഞാൽ നല്ല രസികൻ മഷിതന്നെ. അടിവശത്തുള്ള ഉറയിൽത്തന്നെയാണു് അതുണ്ടാകുന്നതു്. ആവശ്യം വരുമ്പോൾ പുറത്തേക്കു പായിക്കുന്ന വെള്ളത്തിൽ ഇതുംകൂടി കലർത്തിവിടുന്നു. ശത്രു മഷിയിൽ മുങ്ങി കണ്ണുകാണാതെ തപ്പിത്തടയുന്നതിനിടയ്ക്കു കണവ പമ്പകടക്കുന്നു. നല്ല വിദ്യയല്ലേ? ഈ ജന്തുവിനെ കടലിലെ മഷിക്കുപ്പി എന്നു വിളിക്കുന്നതിൽ തെറ്റുണ്ടോ?

ഇതുപോലെ ഒരു വിദ്യ പടക്കപ്പലുകൾ പ്രയോഗിക്കാറുണ്ടെന്നു നിങ്ങൾ കേട്ടിരിക്കും. മഷിക്കു പകരം നല്ല കറുത്ത പുകയാണു് അവ ശത്രുക്കപ്പലിന്റെനേക്കു പായിക്കുന്നതെന്ന വ്യത്യാസമേയുള്ളു. ഇതു കാർമേഘംപോലെ നാലുപാടും വന്നു മൂടിക്കളയും. ബുദ്ധിമാനെന്നു വിചാരിക്കുന്ന മനുഷ്യനു് ഇക്കാര്യത്തിൽ ഈ ജന്തുവിനെക്കാൾ മേന്മയൊന്നുമില്ല.

കണവയുടെ കണ്ണിനു മനുഷ്യനേത്രങ്ങളുടെ തെളിച്ചമുണ്ടു്. അതു നമ്മുടെനേക്കു തിരിയുമ്പോൾ അതിന്റെ ഉടമസ്ഥൻ നമ്മെ മനസ്സിലാക്കി നോക്കുകയാണെന്നു തോന്നിപ്പോകും.

Digitized by Kerala Sahitya Akademi

# 5. ഒട്ടകപ്പക്ഷി



ഒട്ടകപ്പക്ഷി

ഉയർത്തിപ്പിടിച്ച കഴുത്തിനു നിലത്തുനിന്നു് ഒരാളും കൈയൊപ്പവും പൊക്കംവരുന്ന ഒരു പക്ഷിയാണിതു്. നമ്മുടെ നാട്ടിൽ ഇല്ലാത്തതാണെങ്കിലും നിങ്ങൾക്കു് ഇതിനെപ്പററി കേൾക്കുവാൻ കൗതുകം തോന്നാതിരിക്ക

Digitized by Kerala Sahitya Akademi

യില്ല. വലിയ വലിയ മരുഭൂമികളിലാണു് അതിൻെറ താമസം. ലോകത്തുള്ള പക്ഷികളിൽവെച്ചു് ഏററവും വലുതാണിതു്. എങ്കിലും അതിന്നു പറക്കുവാൻ കഴിവില്ല. വെളുത്ത കുററിച്ചിറകുകളും വിതിർത്തുപിടിച്ചു് അതിവേഗത്തിൽ ഓടുകയാണു് അതിൻെറ പതിവു്. പന്തയക്കുതിരകൾപോലും ഇത്രവേഗത്തിൽ ഓടുകയില്ല. ഓരോ കുതിപ്പിനും ഇരുപതു് ഇരുപത്തിയഞ്ചടി അകലം കാണും. കൂട്ടംകൂടിയാണു് അവ സാധാരണ നടക്കുന്നതു്. കൂട്ടത്തിൽ അഞ്ചും ആറും ചിലപ്പോൾ നാല്പതും അൻപതും പക്ഷികൾ കാണും. കാലു നോക്കുക. രണ്ടു വിരലേയുള്ളു. അതു രണ്ടും തടിച്ചതാണു്.

മരുഭൂമികളിൽ അങ്ങിങ്ങു കാണുന്ന ചെടിയും പടലുമാണു് അതിൻെറ ആഹാരം. പക്ഷേ, എന്തു കിട്ടിയാലും തിന്നുവാൻ മടിയില്ല. കഴുത്തിന്റെ നീളം കണ്ടില്ലേ? ഉടലും കാലും കാണാതെ കഴുത്തു മാത്രം കണ്ടാൽ പാമ്പാണെന്നു തോന്നിപ്പോകും. അതു് എങ്ങനെവേണമെങ്കിലും വളയ്ക്കുവാൻ സാധിക്കും. ഒരു ആൺപക്ഷിയുടെകൂടെ അനേകം പിടകളുണ്ടാവും. ഇവയെല്ലാംകൂടി ഒരു സ്ഥലത്താണു മുട്ടയിടുന്നതു്. ഒരു കുഴിയുണ്ടാക്കി അതിനകത്തു മുട്ടകൾ നിരത്തിവെച്ചു് ആൺപക്ഷി അടയിരിക്കുന്നു. ഇതു് ഒട്ടകപ്പക്ഷിയുടെ ഒരു പ്രത്യേകതയാണു്. മുട്ടയ്ക്കു് ഒരു ചെറുതരം കുമ്പളങ്ങയുടെ വലിപ്പം കാണും. ആഫ്രിക്കയിലെ കാട്ടുജാതിക്കാർക്കു് അതു വളരെ ഇഷ്ടമുള്ള ആഹാരമാണു്. ഒരെണ്ണം തിന്നാൽ ഇരുപത്തിനാലു കോഴിമുട്ടയുടെ ഫലമുണ്ടു്. മുട്ടത്തോടു് വെള്ളമെടുക്കുന്നതിനുംമററുമുള്ള പാത്രമായി അവർ ഉപയോഗിക്കുന്നു. നല്ല സൗകര്യമുണ്ടു്, ഇല്ലേ?

കോഴിയെ വളർത്തുന്നതുപോലെ ഒട്ടകപ്പക്ഷിയെയും

Digitized by Kerala Sahitya Akademi


വളർത്തുവാൻ കഴിയും. മരുഭൂമിക്കടുത്തു താമസിക്കുന്ന കാട്ടുജാതിക്കാർ ഇതു പണ്ടേ ചെയ്തുവരുന്നതാണ്. അതിന്റെ മുട്ട ആഹാരത്തിനും, തൂവലുകൾ അലങ്കാരത്തിനും അവർ ഉപയോഗിക്കുന്നു. യൂറോപ്പിലെയും അമേരിക്കയിലെയും സ്ത്രീകൾക്കും ഈ തൂവലിനോടു പ്രിയമാണ്. തൊപ്പിയിലും ഉടുപ്പിലും ഒക്കെ അവർ അതു പററിച്ചുവയ്ക്കാറുണ്ട്. അവരുടെ ആവശ്യത്തിനുവേണ്ടി ഒട്ടകപ്പക്ഷികളെ ഇന്നു കൂട്ടത്തോടെ വളർത്തിവരുന്നു. അങ്ങനെയല്ലാതെ മരുഭൂമികളിൽനിന്ന് വേട്ടയാടിപ്പിടിക്കുന്ന പക്ഷികളുടെ തൂവലുകൊണ്ടൊന്നും ആവശ്യം നടക്കുകയില്ല. അതു വാങ്ങുവാൻ അത്രവളരെ ആളുകളുണ്ട്. അതുകൊണ്ടു ധാരാളം പക്ഷികളെ വളർത്തി തൂവൽ പറിച്ചെടുക്കുകയാണ് ഇപ്പോൾ ചെയ്യുന്നതു്.

ഒട്ടകപ്പക്ഷിയെ വേട്ടയാടിപ്പിടിക്കുന്നതും അത്ര എളുപ്പമല്ല. അത്ര വേഗത്തിലാണ് അതു് ഓടുന്നതു്. കാട്ടുജാതിക്കാർ മണലിൽ കുഴിമാന്തി ഒളിച്ചിരുന്നും വിഷംപുരട്ടിവച്ച അമ്പുകൾ എയ്തുമാണ് അവയെ പിടിക്കുന്നതു്. ചിലപ്പോൾ ചത്ത പക്ഷിയുടെ തോലു പുതച്ചു് അറിയാതെ അടുത്തുചെന്നു ചതിച്ചു പിടിക്കാറുമുണ്ടു്. തൂവലിനും മുട്ടയ്ക്കും വേണ്ടിയാണ് ഈ വേട്ട; മാംസത്തിനുവേണ്ടിയല്ല. ഒട്ടകപ്പക്ഷിയുടെ മാംസം തിന്നാൻ കൊള്ളുകയില്ല. അതു് അത്രയ്ക്കു പരുപരുപ്പുള്ളതാണ്.

ഒട്ടകപ്പക്ഷിയുടെ മുട്ട ആറേഴ് ആഴ്ചകൊണ്ടു വിരിയും. വിരിഞ്ഞിറങ്ങിയമാത്രയിൽത്തന്നെ കുഞ്ഞുങ്ങൾക്കു് ഓടാൻ കഴിയും. കാക്കക്കുഞ്ഞിനെപ്പോലെ ഒന്നിനും കഴിവില്ലാത്ത നിലയിലല്ല അവ പുറത്തുവരുന്നതു്. കളിച്ചുനടക്കുന്ന പ്രായം അവയുടെ ആയുസ്സിൽ ഇല്ലെന്നുതന്നെ പറയാം.

Digitized by Kerala Sahitya Akademi

# 6. കടൽപേന



കടൽപേന

കടലിലെ മഷിക്കുപ്പിയെപ്പറ്റി പറയുകയുണ്ടായി. മഷിക്കുപ്പിമാത്രം പോരല്ലോ. മഷിയും വേണം, പേനയും വേണം. എങ്കിലേ പ്രയോജനമുള്ളൂ. മഷിക്കുപ്പിക്കക

Digitized by Kerala Sahitya Akademi

ണ്ണ് മഷിയും ഉണ്ടെന്ന് നാം മനസ്സിലാക്കി. ഇനി പേന യാണ് വേണ്ടതു്. അതുമുണ്ടു് കടലിൽ. കണ്ടില്ലേ? ചിത്രം നോക്കുക. നല്ല രസികൻ തൂവൽപേനതന്നെ. പണ്ടൊക്കെ ഈ ജാതി പേനയും കട്ടക്കാമഷിയുമാണ് എഴുതുവാൻ ഉപയോഗിച്ചിരുന്നതു്. അതിന്റെ സുഖം ഉപയോഗിച്ചിട്ടുള്ളവർക്കേ അറിയാവൂ. കിർ കിർ എന്നൊരു ശബ്ദവും, വള്ളിയും പുള്ളിയും ഇടുമ്പോൾ തൂവലിനുണ്ടാകുന്ന വിലാസങ്ങളും, അക്ഷരങ്ങൾക്കു കിട്ടുന്ന വടിവുമെല്ലാം രസകരമായ അനുഭവങ്ങളാണ്. ഇന്ന് അതൊക്കെ പോയി. മഷിയും കുപ്പിയും പേനയും എല്ലാംകൂടി ഒന്നിച്ചു വെച്ച് അടപ്പും കൊളുത്തുമിട്ടു് കൊണ്ടുനടക്കുകയാണ് ഇന്നത്തെ പതിവ്—ഫൗണ്ടൻപേന എന്നു പേരും.

പക്ഷേ, കടൽപേനയ്ക്കു് ഇത്തരം പരിഷ്കാരമൊന്നും വന്നിട്ടില്ല. "വെള്ളത്തിലെഴുതാൻ എന്തായാലും മതി" എന്നു നിങ്ങൾ പതുക്കെ പറഞ്ഞു ചിരിക്കുന്നുണ്ടാവും.

കളിയൊക്കെ നിർത്തിയിട്ടു് ഈ കടൽപേന എന്താണെന്നുള്ള കാര്യത്തിലേക്കു കടക്കാം. അതും ഒരു ജന്തുവാണ്. കടലിൻെറ അടിത്തട്ടിലെ ചെളിയിലാണ് താമസം. നടുക്കുള്ള തണ്ടു കണ്ടില്ലേ? അതിൻെറ താഴത്തെ അററം ചെളിയിൽ പുതഞ്ഞുനില്ക്കും. തൂവല്പോലെയുള്ള ഭാഗം മാത്രമേ വെള്ളത്തിലേക്ക് ഉന്തിനില്ക്കയുള്ളു. അതൊന്നു സൂക്ഷിച്ചുനോക്കുക. ഇരുവശത്തും ഓലക്കാലിൻെറ രീതിയിൽ പരന്ന ഇതളുകളുണ്ടു്. ഇതിൽ ഒരു ഇതളിൻെറ രൂപം വലുതാക്കി വരച്ചിട്ടുണ്ടു്. പരന്നു നീണ്ട ഈ ഇതളിന്റെ മുകളിലത്തെ അരികിൽ ഒരേ വരിയായി അനേകം പൂവുപോലെയുള്ള വസ്തുക്കൾ കാണാം. ഇതിൽ ഒരെണ്ണത്തെയാണ് ഇതളിൻെറ അടി

Digitized by Kerala Sahitya Akademi

യിൽ പ്രത്യേകമായി കാണിച്ചിരിക്കുന്നതു്. ഒരു ചെറിയ കുഴലിന്റെ അറ്റത്തു് അഞ്ചാറു് അല്ലികൾ വെച്ചുപിടിപ്പിച്ചതുപോലെയാണു് അതിന്റെ ആകൃതി. അല്ലികളുടെ നടുക്കു് ഒരു വായുണ്ടു്. അതിലേയാണു് ആഹാരം അകത്തു കടക്കുന്നതു്. പൂവിന്റെ ആകൃതിയുള്ള ഈ വസ്തുക്കൾ ഓരോന്നിനെയും ഓരോ വ്യക്തിയായി കണക്കാക്കാം. ഇവയുടെ എണ്ണം ആയിരക്കണക്കിലെത്തും. എല്ലാംകൂടി ഒട്ടിച്ചേർന്നു് തൂവലിന്റെ ആകൃതിയിൽ ഇരിക്കുന്നു എന്നേയുള്ളൂ. പരമാർത്ഥം ഇതാണെങ്കിലും ഈ വ്യക്തികളെ വേർപെടുത്തി വിട്ടാൽ അവയ്ക്കു തനിയെ ജീവിക്കാൻ സാധ്യമല്ല. നമ്മുടെ ഒരു വിരലു മുറിച്ചുമാററിയാൽ അതു ജീവിക്കുമോ? അതുതന്നെയാണ കടൽപേനയുടെ അംശങ്ങളുടെയും കഥ.

ഇങ്ങനെ അനേകായിരം വ്യക്തികൾ ഒന്നുചേർന്നു് ഒരു ശരീരമായി ജീവിക്കുന്ന ജന്തുക്കൾ കടലിൽ ധാരാളമുണ്ടു്. കടൽപേന അക്കൂട്ടത്തിൽ ഒരു ചെറിയ ഉദാഹരണം മാത്രമാണു്. ചിലജാതി ജന്തുക്കളിൽ ഇത്തരം വ്യക്തികൾ എത്രയുണ്ടെന്നു് എണ്ണിത്തീർക്കുവാൻപോലും സാദ്ധ്യമല്ല. അത്രവളരെ എണ്ണം കാണും. ചിലതു് ഉറപ്പിനുവേണ്ടി അകത്തു കല്ലുപോലുള്ള ഒരു അസ്ഥികൂടവും ഉണ്ടാക്കുന്നു. ജന്തുവിന്റെ കൂട്ടശരീരം വളരുന്നതനുസരിച്ചു് ഈ അസ്ഥികൂടവും വലുതായിവരും. ഇത്തരം ചില അസ്ഥികൂടങ്ങൾക്കു് അനേകം നാഴിക നീളമുണ്ടാകും. അവ കുന്നിൻനിരകൾപോലെ സമുദ്രത്തിൽ വ്യാപിച്ചുനില്ക്കുന്നതു കാണാം. ഇതൊക്കെ കേൾക്കുമ്പോൾ കടൽപേനയും വളരെ വലിയ ഒരു ജന്തുവാണെന്നു നിങ്ങൾ ധരിച്ചേക്കും. അതു ശരിയല്ല. അതിന്നു് ഏറിയാൽ ഒരടിയേ നീളമുള്ളൂ. ആകൃതിയിൽ മാത്രമല്ല


Digitized by Kerala Sahitya Akademi

വലിപ്പത്തിലും അതു് തുവലിനോടു് സാമ്യംവഹിക്കു ന്നതുകൊണ്ടാണു് അതിനു് ഈ പേരു കിട്ടുവാനിടയായതു്. ഓലമടലിനു് തുവലിന്റെ ആകൃതിയുണ്ടു്. പക്ഷേ, വലിപ്പം വളരെ കൂടുതലാണു്. അതുകൊണ്ടാണു് നാം അതിനെ തെങ്ങിൻപേന എന്നൊന്നും വിളിക്കാത്തതു്. അത്തരം പേനകൊണ്ടു് എഴുതുവാൻ സാക്ഷാൽ ഭീമസേനൻതന്നെ വേണം. എന്നാൽത്തന്നെയും അല്പം പണിയല്ലേ?

Digitized by Kerala Sahitya Akademi

# 7. ചൊറി

ഈ പേരിൻെറ ഔചിത്യം മനസ്സിലാക്കണമെങ്കിൽ ഈ ജന്തുവിനെ ഒന്നു കടന്നുപിടിച്ചാൽ മതി. പിന്നെ ഒന്നുരണ്ടു മണിക്കൂർ നേരം നിങ്ങൾ അതിനെക്കുറിച്ചു മാത്രമേ ആലോചിക്കുകയുള്ളു. ഇങ്ങനെ ചൊറിച്ചിലുണ്ടാക്കുന്നതുകൊണ്ടാണു് അതിനു് ചൊറി എന്നു പേരുകിട്ടിയതു്.



ചൊറി

കടലിലും, ചിലപ്പോൾ കായലുകളിലും ഇവയെ കാണാം. ഉരുണ്ടു മിനുത്തു് കണ്ണാടിപോലെയിരിക്കും. പല നിറത്തിലുമുണ്ടു്. കൈയിലെടുത്തു നോക്കിയാൽ നല്ല ഭാരം കാണും. ചൊറി നല്ല തെളിഞ്ഞ വെള്ള

Digitized by Kerala Sahitya Akademi

ത്തിൽ കിടക്കുന്നതു കണ്ടാൽ അലിയുവാൻ തുടങ്ങുന്ന കർൿക്കണ്ടിന്റെ കാര്യമാണ് ഓർമ്മവരിക. ഉള്ളിലുള്ളതെ ല്ലാം പുറമേ കാണാം. ശരീരം അത്രയ്ക്കു തെളിവുള്ളതാ ണ്. നല്ല ഘനമുണ്ടെങ്കിലും വെള്ളത്തിൽ കിടക്കു മ്പോൾ ഘനമുണ്ടെന്നു തോന്നുകയില്ല.

ചൊറിക്ക് ഒരു കുടയുടെ ആകൃതിയാണുള്ളത്. അടിവശത്തു നടുവിൽ അതിനും ഒരു പിടിയുണ്ട്. അതു പക്ഷേ, തടിച്ചതാണ്. ഒത്ത നടുവിൽ പിടിച്ചു തൂക്കിയ കൈലേസുപോലെ ഈ പിടിയുടെ കോണുകൾ നീണ്ടു തൂടിഞ്ഞുകിടക്കുന്നു. പിടിയുടെ അകത്തുകൂടെ യാണ് ആഹാരം വലിച്ചെടുക്കുന്നത്. മത്സ്യങ്ങളെയും മററും ഈ സ്ഥാനത്തു പിടിച്ചുവെച്ച് ഊററികുടിക്കു ന്നതു ചിലപ്പോഴും കാണുവാൻ സാധിക്കും.

ഈ ജന്തു നീന്തിപ്പോകുന്നതു കാണാൻ രസമുണ്ട്. ഒരുവശം ചരിഞ്ഞു് കുടപോലെയുള്ള ശരീരം വീർപ്പി ച്ചും ചുരുക്കിയുമാണ് അതു സഞ്ചരിക്കുന്നത്. വീക്കു ക, ചുരുങ്ങുക, കുറച്ചു നീങ്ങുക എന്നിങ്ങനെയാണ് അതിൻെറ പോക്ക്. ഒഴുക്കും തിരമാലകളും ഈ ജന്തു ക്കളെ അതിദൂരം അടിച്ചുകൊണ്ടുപോകാറുണ്ട്. എതി ർത്തുനില്ക്കാനുള്ള ശക്തിയൊന്നും അവയ്ക്കില്ല. ഇതിൻെറ ഫലമായി പലപ്പോഴും അവ കരയ്ക്കു് അടിഞ്ഞുകയറി ക്കിടക്കുന്നതു കാണാം. കാലത്തു് നാം ഏതെങ്കിലും ഒരു സ്ഥാനത്തു കണ്ടിട്ടുപോയ ഇത്തരം ഒരു ജന്തുവിനെ ഉച്ച തിരിഞ്ഞു വന്നു നോക്കുമ്പോൾ കാണുകയില്ല. അതു വീണ്ടും കടലിലേക്ക് ഇറങ്ങിപ്പോകുന്നതുകൊണ്ടല്ല കാ ണാതാകുന്നത്. വെയിലുറച്ചപ്പോൾ അതങ്ങു വററിപ്പോ യെന്നേയുള്ളു. അതിന്റെ ശരീരം മുഴുവനുംതന്നെ വെറും വെള്ളമാണെന്നു പറയാം. കുമ്പളങ്ങയുടെ അകത്തുള്ള

Digitized by Kerala Sahitya Akademi

കൊഴുത്ത പദാത്ഥം കണ്ടിട്ടില്ലേ? ചൊറിയുടെ ശരീരവും ഏകദേശം അതുപോലെ മട്ടാണ്. ഉണക്കിയാൽ ഒന്നും ശേഷിക്കുകയില്ല. കുമ്പളങ്ങയുടെ കാര്യത്തിൽ കുരുവെങ്കിലുമുണ്ടാകും. ഇവിടെ അതുപോലും ഇല്ല.

ചൊറികൾ പല വലിപ്പത്തിലുണ്ട്. ചിലതിനെ ഭൂതക്കണ്ണാടികൊണ്ട് നോക്കിയാലേ കാണുകയുള്ളു. ചിലതു് ആറടിയോളം വീതിയുള്ളതായിരിക്കും. ചിലതിൻെറ അരികിനു ചുററും പട്ടുകടയുടെ അലുക്കുപോലെയുള്ള അല്ലികൾ കാണാം. ചിലതരം ചൊറികളിലെ് ഈ അല്ലിനൂലുകൾക്കു് 130 അടിയോളം നീളമുണ്ട്.

ചെറിയതരം ചൊറിയുടെ മുട്ട വിരിഞ്ഞാൽ പുതിയ ചൊറിയല്ല ഉണ്ടാകുന്നതു്. ചെടിയുടെ രൂപത്തിൽ പാറയിലും മററും പററിപ്പിടിച്ചുനില്ക്കുന്ന ജീവികളാണ്. ഇവയിൽനിന്നാണു വീണ്ടും ചൊറികൾ ഉണ്ടാകുന്നതു്. അവ അതിൻെറ ചില്ലകളിൽനിന്നു പൂക്കൾപോലെ വേർപെട്ടു കടൽവെള്ളത്തിൽ ഒഴുകി നടക്കുന്നു. വൻതരം ചൊറികളിൽ ഇങ്ങനെ ഒരു രീതി കാണുന്നില്ല. അവയുടെ മുട്ട വിരിഞ്ഞാൽ പുതിയ ചൊറിതന്നെയാണ് ഉണ്ടാകുന്നതു്.

Digitized by Kerala Sahitya Akademi


# 8. മത്സ്യവാത്സല്യം

മത്സ്യങ്ങൾ വാത്സല്യം തീരെയില്ലാത്ത ജന്തുക്കളാണെന്നാണ സാധാരണ പറയാറുള്ളതു്. എവിടെയെങ്കിലും മുട്ടയിട്ട തങ്ങളുടെ പാട്ടിനുപോകുന്ന കൂട്ടർക്ക് എന്തു വാത്സല്യമാണ്! മുട്ട വിരിയുന്നതുവരെയെങ്കിലും കാത്തുനില്ക്കുവാൻ അവയ്ക്കു ക്ഷമയില്ല. അതു വിരിയുമോ, വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങളുടെ ഗതിയെന്തു് എന്നൊന്നും അവയ്ക്കറിയേണ്ട. വല്ലപാടും ഭാരമൊഴിച്ചിട്ട പോവുക എന്നല്ലാതെ അതിനപ്പുറമൊന്നും അവ നോക്കാറില്ല.

പക്ഷേ, എല്ലാ മത്സ്യങ്ങളും ഇത്തരക്കാരല്ല. മുട്ടയിലും കുഞ്ഞുങ്ങളിലും വളരെ താൽപര്യം കാണിക്കുന്ന ചില മത്സ്യങ്ങളുണ്ടു്. ചുവന്ന നിറത്തിലുള്ള കുഞ്ഞുങ്ങളെ പററത്തോടെ കൊണ്ടുനടക്കുന്ന 'വരാൽ' എന്ന മത്സ്യത്തെ നിങ്ങളിൽ ചിലരെങ്കിലും കണ്ടിരിക്കും. നമ്മുടെ നാട്ടിലെ കുളങ്ങളിലും ചിറകളിലും തോടുകളിലും ഇതിനെ കാണാം. ഇവിടെത്തന്നെ വേറെയും ഉദാഹരണങ്ങളുണ്ടു്.

പടത്തിൽ കാണിച്ചിരിക്കുന്ന മത്സ്യത്തെ നോക്കുക. ഇതിനെ പലരും കണ്ടിട്ടുണ്ടാവും. ചിലരെങ്കിലും തിന്നിട്ടുമുണ്ടാവും. ഇതിന്നു പല പേരുകളും പറയാറുണ്ടു്. ഞാൻ കേട്ടിട്ടുള്ളവ ഇതൊക്കെയാണ്: തേട്ട്, കാരി, ഏട്ട, മുള്ളു, മുശി, കൂരി. ഇതുകൂടാതെ വേറെയും കാണും. ഓരോ ദിക്കിലും ഓരോ പേരു് പ്രചാരത്തിലിരിക്കുന്നു. ഈ മീനിനു മീശയുണ്ടു്. കുളത്തിലും തോട്ടിലും ആററിലും കായലിലും കടലിലും എല്ലാം ഇത്തരം

Digitized by Kerala Sahitya Akademi



മത്സ്യവാത്സല്യം

മീശയുള്ള മത്സ്യങ്ങളെ കാണാം. എവിടെയായാലും ചെളിയാണ് അവയ്ക്കിഷ്ടം. ചിലജാതി അടുത്തുചെല്ലുന്നവരെ കുത്തി മുറിവേല്പിക്കുകയും ചെയ്യും. "മുശി മുഴക്കുവെള്ളത്തിൽ മുപ്പതുപേരെ കളിപ്പിക്കും' എന്നു പറയാറുണ്ട്. ചെളിവെള്ളത്തിൽ ഓടിയൊളിക്കാൻ അതിന് നല്ല സാമർത്ഥ്യമാണ്. അവയുടെ തൊലിപ്പുറത്ത് ചെതുമ്പൽ (ശുളി) കാണുമാനില്ല. അതുകൊണ്ടു ശരീരം വളരെ വഴവഴപ്പുള്ളതാണ്.

ചിത്രത്തിൽ കാണുന്ന മുശി കടലിലാണ് കാണപ്പെടുന്നത്. കടലിനോടു തൊട്ടുകിടക്കുന്ന ജലാശയങ്ങളിലേക്കും അതു കയറാറുണ്ട്. ഈ മത്സ്യത്തിന്റെ വാത്സല്യം അത്ഭുതകരമാണ്. മുട്ട കണ്ടേടിക്കിൽ ഇട്ടിട്ട് കടന്നുകളയുന്നതിനു പകരം വായ്ക്കകത്താണ് അതു കൊണ്ടുനടക്കുന്നതു്. ഈ കൊണ്ടുനടക്കുന്ന ജോലി അച്ഛൻമീനിന്റേതാണ്. കളിയാണെന്നു കരുതി ചിരിക്കേണ്ട. ഇതു പരമാർത്ഥമാണ്. അമ്മ മുട്ടയിട്ടുകഴിഞ്ഞാൽ ഉടൻ

Digitized by Kerala Sahitya Akademi

തന്നെ അച്ഛൻ അടുത്തുചെന്ന് ആ മുട്ടയെല്ലാം കവിൾ കൊള്ളും. വിഴുങ്ങിക്കളയാമെന്ന വിചാരത്തിൽ ചെയ്യുന്നതുമല്ല. ഈ മത്സ്യങ്ങളുടെയിടയിലുള്ള പതിവ് ഇതാണ്. ആൺമീനിന്റെ വായിലാണ് മുട്ട സൂക്ഷിക്കുന്നത്. വിരിയുന്നതുവരെ അവ അവിടെ കിടക്കും. ഇതിന് അനേകം ആഴ്ചത്തെ താമസമുണ്ട്. ഇക്കാലമത്രയും സാധുവായ പിതാവ് തന്റെ വായ്തന്നെ തൊട്ടിലാക്കി ജീവിക്കുന്നു. മുട്ട തിങ്ങി നിറഞ്ഞിരിക്കുന്നതിനാൽ ചുണ്ടുകൾ തമ്മിൽ അടുപ്പിക്കുവാൻപോലും സാധ്യമല്ല. മുട്ട വിരിഞ്ഞു് കുഞ്ഞുങ്ങൾ പുറത്തുപോകുന്നതുവരെ വായ് തുറന്നുതന്നെ ഇരിക്കണം. ഈ സമയത്തു് അതിന് ആഹാരമൊന്നും കഴിക്കുവാൻ നിവൃത്തിയില്ല. കഴിക്കുന്നുമില്ല. പട്ടിണിതന്നെ പട്ടിണി. ഇതിൻെറ ഫലമായി മുട്ട വിരിയുമ്പോഴേക്കു പിതാവ് വെറും എല്ലും തോലും മാത്രമായി ശോഷിച്ചുപോകും.

മററുജാതി മത്സ്യങ്ങളുടെ വാത്സല്യമില്ലായ്മയ്ക്കു് ഒരു പ്രായശ്ചിത്തമാണ് മുരിയുടെ ഈ ത്യാഗം എന്നു പറയാവുന്നതാണ്. എന്തു കഷ്ടപ്പാടു സഹിച്ചും മക്കളെ പോററുന്ന ഒരു മത്സ്യമാണിതു്.

Digitized by Kerala Sahitya Akademi


## 9. മുനിഞണ്ടു്

ഈ പേരു നിങ്ങൾക്കു് ഇഷ്ടമായോ? ഇംഗ്ലീഷിലുള്ള പേരിന്റെ തൎജ്ജമയാണു്. ഇതല്ലാതെ വേറെ പേരു കാണുന്നില്ല. നിങ്ങൾക്കു് അറിയാമെങ്കിൽ പറഞ്ഞുതരുക.


അതു പോകട്ടെ. ഈ ജന്തുവിനെ നിങ്ങൾ കണ്ടിട്ടുണ്ടോ? കടലിലുള്ളതാണു്. ചിലതു കടൽക്കരയിൽ ഓടിനടക്കുന്നതു കാണാം. നിങ്ങളിൽ പലരും കണ്ടിരിക്കുവാൻ ഇടയുള്ള സാധാരണ ഞണ്ടിന്റെ ഒരു ചാൎച്ചക്കാരനാണു മുനിഞണ്ടു്. പക്ഷേ, അവന്റെ ഇരിപ്പ് ഒരു കൂടിന്റെ അകത്താണു്. ഇരിപ്പു മാത്രമല്ല, നടപ്പും.

ഈ കൂടെന്നു പറഞ്ഞതു് അവൻ പണിപ്പെട്ടു തനിയേ ഉണ്ടാക്കുന്നതൊന്നുമല്ല. അക്കഥ പറഞ്ഞാൽ വളരെ രസമാണു്. അവൻ കുഞ്ഞായിരിക്കുമ്പോൾ ഇങ്ങനെ മുനിയെപ്പോലെ കൂട്ടിൽ പതുങ്ങിയിരിക്കുന്ന സ്വഭാവമൊന്നുമില്ല. സാധാരണ ഞണ്ടിൻകുഞ്ഞുങ്ങളെപ്പോലെ വെള്ളത്തിലും കരയ്ക്കും ഓടിനടക്കും. പക്ഷേ, കുറേക്കഴിയുമ്പോഴേക്കു് അവന്റെ മട്ടൊക്കെ മാറുന്നു. ഒരു മുനിയാകാതെ നിവൃത്തിയില്ലെന്ന വാശിയാണു് അവനുണ്ടാകുന്നതു്. പിന്നെ കൂടന്വേഷിച്ചു നടപ്പുതുടങ്ങും. കടലിലായതുകൊണ്ടു് ഇതിനു വലിയ പ്രയാസമില്ല. ശംഖിന്റെ ജാതിയിൽപ്പെട്ട ജന്തുക്കൾ ചത്തൊഴിഞ്ഞ തോടുകൾ ധാരാളമുണ്ടാകും. നിങ്ങൾ കടപ്പുറത്തു പോകുമ്പോൾ ഇത്തരം പിരിയൻ തോടുകൾ എടുത്തു കളിക്കാറില്ലേ? അകത്തൊന്നുമില്ലാതെ ഒഴിഞ്ഞു മിനുസപ്പെട്ടു കടൽവെള്ളത്തിൽ കഴുകി വൃത്തിയായിക്കാ

Digitized by Kerala Sahitya Akademi



ചിത്രം 1



ചിത്രം 2

മുനിഞണ്ട്

ണുന്ന ഈ തോടുകൾ ഓരോന്നിന്റെയും ഉള്ളിൽ മുമ്പ് ഓരോ ജന്തു ഉണ്ടായിരുന്നതാണ്—നമ്മുടെ ഒച്ചിന്റെ ജാതിയിൽപ്പെട്ടവ. അവയാണ് ഈ തോടുകൾ ഉണ്ടാക്കിയത്. ഒടുവിൽ ഉള്ളിലുള്ള ജന്തു ചത്തു ചീഞ്ഞു പോകുമ്പോൾ തോടുമാത്രം ശേഷിക്കും.

ഇത്തരം തോടുകളിലൊന്നാണ് നമ്മുടെ ഞണ്ടിൻ



Digitized by Kerala Sahitya Akademi

കഞ്ഞു തേടിപ്പിടിക്കുന്നതു്. അതിൻെറ അകത്തു കയറുവാൻ അവൻ വളരെ ഞെരുങ്ങണം. ഉടലും കാലുമെല്ലാം വല്ലാതെ വളച്ചെങ്കിലേ അതിനുള്ളിൽ ഒതുങ്ങുകയുള്ളൂ. ഈ പ്രയാസമൊന്നും അവൻ സാരമാക്കുകയില്ല. കുറേ നാൾ ഇങ്ങനെ ഞെരുങ്ങിക്കഴിയുമ്പോൾ അവൻെറ ഉടലിനും തോടിൻെറ വളവുതന്നെ വന്നുകൂടുന്നു. പിന്നെ സുഖമാണു്. വളഞ്ഞുപിരിഞ്ഞ വീടും വളഞ്ഞുപിരിഞ്ഞു് അതിനൊത്ത താമസക്കാരനും. പിന്നെ ഒരിക്കലും അവൻ തൻെറ കൂടു് ഉപേക്ഷിക്കുകയില്ല. ഉടലിൻെറ പിൻഭാഗം അതിൻെറ ഉള്ളിൽ ഉടക്കി അതും വലിച്ചുകൊണ്ടാണു നടപ്പു്.

സാധാരണ ഞണ്ടുകളെപ്പോലെ അതിവേഗം ഓടാൻ കഴിവില്ലെങ്കിലും വേറൊരു വലിയ സൗകര്യമുണ്ടു്. അപകടം വരുമ്പോൾ ഓടുകയേ വേണ്ട. കൂട്ടിനകത്തേക്കു വലിഞ്ഞു കളഞ്ഞാൽ മതി. ഇതാണു് അവന്റെ പതിവു്. ഇങ്ങനെ ചെയ്തിട്ടു്, തടിച്ച കൈകൊണ്ടു കൂടിന്റെ ദ്വാരം അകത്തുനിന്നു് അടച്ചുകളയുകയും ചെയ്യും. ഇത്രയുമായാൽ പിന്നെ ആപത്തില്ല. മുനിഞണ്ടിൻെറ സൂത്രം ഇതാണു്. മററുള്ളവർ ഉപദ്രവിക്കാതിരിക്കുവാനാണു് അവനിങ്ങനെ മുനിവേഷം കെട്ടുന്നതു്. അല്ലാതെ അടങ്ങിയൊതുങ്ങിയിരുന്നു ജപിക്കുവാനല്ല. തരംകിട്ടിയാൽ അവൻ മററു സാധുക്കളെ ഉപദ്രവിക്കും.

ഇതൊന്നും പോരാഞ്ഞിട്ടെന്നപോലെ ചിലതരം മുനിഞണ്ടുകൾ മറ്റൊരു വിദ്യകൂടി പ്രയോഗിക്കാറുണ്ടു്. അത്തരം ഒരെണ്ണത്തെയാണു് ഒന്നാംചിത്രത്തിൽ കാണിച്ചിരിക്കുന്നതു്. അവൻ കൂടിന്റെ അകത്തു കയറി തലയും മുൻകാലുകളും മാത്രം പുറത്തുകാട്ടി അങ്ങനെ ഞെളിഞ്ഞിരിക്കുകയാണു്. തോടിൻെറ പുറത്തു പൂവിൻെറ

Digitized by Kerala Sahitya Akademi

ആകൃതിയിൽ ഒരു സാധനം കാണുന്നില്ലേ? അതു മറ്റൊരു ജന്തുവാണ്. കടൽപ്പൂവെന്നു പറയും. ഇതു പല ജാതിയുണ്ട്. കാണാൻ വളരെ മനോഹരമായിരിക്കും. അതുകൊണ്ടാണ് കടൽപ്പൂവെന്നു പേരുകിട്ടിയതു്. പല നിറത്തിലും പല വലിപ്പത്തിലും കാണാം. പക്ഷേ, സാക്ഷാൽ പൂവിനോടു ബന്ധമൊന്നുമില്ല. അവ സാധാരണയായി കടലിലുള്ള പാറയിലുംമററും പററിപ്പിടിച്ചാണു ജീവിക്കുന്നതു്. ചുററും അല്ലികൾപോലെ കാണുന്ന അവയവങ്ങൾകൊണ്ടു ചെറിയ ചെറിയ ജന്തുക്കളെ പിടിച്ചു തിന്നു വിശപ്പടക്കുന്നു. കടലിൽ നീന്തിനടക്കുന്ന ചെറിയ ചെറിയ ജീവികൾ ഈ അല്ലിക്കൈകളിൽ വന്നു തട്ടിയാൽ അവ വേഗം ചത്തുപോകും. അവയ്ക്കു വിഷമുണ്ടു്. നമ്മുടെ ശരീരം അവയുടെമേൽ തൊട്ടാൽ വല്ലാതെ ചൊറിയും. കടൽച്ചൊറി എന്നു പറയുന്ന ജന്തുവിൻെറ സമ്പ്രദായംതന്നെ. ഇക്കാരണത്താൽ കടലിലെ ജന്തുക്കൾക്കു കടൽപ്പൂക്കളെ പേടിയാണു്. അടുത്തുചെന്നാൽ അവയ്ക്കു് അല്ലിക്കൈകൾകൊണ്ടുള്ള വിഷപ്രയോഗം ഏല്ക്കും.

ഈ സൗകര്യം കരുതിയാണു് മുനിഞ്ഞണ്ടു് കടൽപ്പൂവും പേറി നടക്കുന്നതു്. തന്നത്താൻ വെടിവയ്ക്കുന്ന ഒരു തോക്കു കോട്ടപോലുള്ള കൂടിൻെറ പുറത്തു് ഉറപ്പിച്ചാൽ പിന്നെ ആരെയും പേടിക്കേണ്ടല്ലോ. യുദ്ധത്തിൽ ഉപയോഗിക്കുന്ന 'ടാങ്കു'കളുടെ മേന്മയെല്ലാം ഈ മുനിഞ്ഞണ്ടിനുമുണ്ടു്. അങ്ങോട്ടു് ആക്രമിച്ചാൽ ഏല്ക്കുകയില്ല. ഇങ്ങോട്ടു് ഉപദ്രവിക്കാൻ നല്ല സൗകര്യവും. ഈ സ്ഥിതിയിൽ ശത്രുക്കൾ അടുക്കുകയില്ല.

കടൽപ്പൂവിനും ഈ കൂട്ടുകെട്ടുകൊണ്ടു പ്രയോജനമുണ്ടു്. അതിനു് ഒരേ സ്ഥാനത്തുതന്നെ എക്കാലവും

Digitized by Kerala Sahitya Akademi

നിന്നു നരകിക്കേണ്ട. ഞണ്ടിന്റെകൂടെ സവാരിചെയ്യാം. ഇതുകൊണ്ട് ഒരേ സ്ഥാനത്തു നില്ക്കുന്നതിനേക്കാൾ വളരെയധികം ആഹാരം കിട്ടുവാൻ സൗകര്യമുണ്ട്. നടക്കാൻവയ്യാത്ത ഭിക്ഷക്കാർ വണ്ടികളിൽ കയറി മറ്റൊരാളെക്കൊണ്ട് ഉന്തിച്ചു ചുററിത്തിരിയുന്നതു കണ്ടിട്ടില്ലേ? അതിൻെറ രഹസ്യവും ഇതുതന്നെ.

മുനിഞ്ഞണ്ടുകൾ മാത്രമല്ല, വെറും ഞണ്ടുകളും ഈ വിദ്യ ചിലപ്പോൾ പ്രയോഗിക്കാറുണ്ട്. രണ്ടുകൈയിലും പൂക്കലപിടിച്ചു തുള്ളുവാൻ പോകുന്നവരെപ്പോലെ, ചില ഞണ്ടുകൾ മുൻകൈകളിൽ ഓരോ കടൽപൂക്കളെയും കൊണ്ടുനടക്കാറുണ്ട്. രണ്ടാം ചിത്രം നോക്കുക. ഇതും ഇരുകൂട്ടർക്കും പ്രയോജനമുള്ള കൂട്ടുകെട്ടാണ്.


Digitized by Kerala Sahitya Akademi

# 10. കപ്പൽതുരപ്പൻ

പുഴകളിൽ ജീവിക്കുന്ന ഉഴവൻ കക്കയോടും, അഷ്ടമുടിക്കായലിലെ കുഴലൻ കക്കയോടും ഏറെക്കുറെ അടുത്ത ബന്ധമുള്ള ഒരു ജന്തുവാണിതു്. കണ്ടാൽ ഏക ദേശം ഞാഞ്ഞൂലിനെപ്പോലിരിക്കും. ഞാഞ്ഞൂല്ു് മണ്ണിലേക്കാണു് തുരന്നിറങ്ങുന്നതെങ്കിൽ ഇതു് മരത്തി ലേക്കാണു്. മരംകൊണ്ടുണ്ടാക്കിയ വള്ളങ്ങൾക്കും പത്തേ മാരികൾക്കും പായ്ക്കപ്പലുകൾക്കും അതു വരുത്തിക്കൂട്ടുന്ന ചേതം ചില്ലറയല്ല. അവ ഉപ്പുവെള്ളത്തിൽ കിടക്കണമെന്നേയുള്ളു. എന്തെന്നാൽ ഉപ്പുവെള്ളത്തിലാണു് കപ്പൽതുരപ്പൻ ജീവിക്കുന്നതു്. ഉടമസ്ഥന്മാർ ടാർമഷി യും മീൻനെയ്യും തുരിശും മററും പുരട്ടി സൂക്ഷിച്ചില്ലെങ്കിൽ കപ്പലെല്ലാം വളരെവേഗം ഓട്ടക്കപ്പലായിപ്പോകും.

പുറമേ നോക്കിയാൽ അങ്ങിങ്ങു ചെറിയ ദ്വാരങ്ങളേ കാണൂ. പക്ഷേ, തടിയുടെ അകത്തെല്ലാം നീണ്ട മാളങ്ങളായിരിക്കും. ഈ മാളത്തിനകത്താണു് തുരപ്പന്റെ ഇരിപ്പു്. ഇരിപ്പു് എന്നല്ല, തുരപ്പു് എന്നാണു് പറയേണ്ടതു്. എന്തെന്നാൽ അതു് ഒരിക്കലും വെറുതെ ഇരിക്കാറില്ല. സദാസമയവും തല തിരിച്ചുതിരിച്ചു തുരക്കുന്ന പണിയാണു്. ആശാരിമാർ മരത്തിൽ ദ്വാരമുണ്ടാക്കുവാനുപയോഗിക്കുന്ന തമിരു (ഇതിനു് ബദ്മ എന്നും പേരുണ്ടു്. ഇതു് എങ്ങനെ വന്നോ!) പോലെ തുരപ്പന്റെ തലയും മൂർച്ചയുള്ളതാണു്. തലകൊണ്ടു് ചുരണ്ടിയെടുക്കുന്ന മരപ്പൊടിയെല്ലാം ഈ ജന്തു തിന്നുകയാണു ചെയ്യുന്നതു്. നമുക്കിങ്ങനെ മരം തിന്നു ദഹിപ്പിക്കുവാൻ സാധിച്ചെങ്കിൽ പഞ്ഞംപിടിച്ച കാലത്തു് എന്തൊരു

Digitized by Kerala Sahitya Akademi



കപ്പൽത്തുരപ്പൻ

അനുഗ്രഹമാകുമായിരുന്നു! പക്ഷെ, തുരപ്പൻെറ ഭാഗ്യം മനുഷ്യനില്ല.

ഞാഞ്ഞൂലുപോലെയിരിക്കുന്ന ഈ ജന്തു വാസ്തവത്തിൽ ഒരുതരം കക്കയാണ്—ഒരുതരം കുഴലൻകക്ക. ഉടലിനെക്കാൾ എത്രയോ വലുതാണ് കുഴൽ. അതാണ് മാളത്തിനകത്ത് നീണ്ടുകാണുന്നത്. ഉള്ളിലെ അററം മാത്രമാണ് ഉടൽ. ഹനുമാൻ പണ്ട് വാലുകൊണ്ട് ഒരു വലിയ തുണുണ്ടാക്കി അതിന്മേൽ ഇരിപ്പുറപ്പിച്ച കഥ കേട്ടിട്ടില്ലേ? ഈ തുരപ്പൻെറ കാര്യത്തിലും അതുപോലെയാണ് പററിയിരിക്കുന്നത്. അതിൻെറ ശരീരത്തിൽ മുക്കാലേ അരയ്ക്കാൽ ഭാഗവും കുഴലാണ്. അരയ്ക്കാൽ ഭാഗംപോലുമില്ലാത്ത ഉടലിൻെറ ഇരുവശത്തും

Digitized by Kerala Sahitya Akademi

ഓരോ ചെറിയ തോട്ടുണ്ട്. ചിത്രത്തിൽ കറുപ്പിച്ചു കാണിച്ചിരിക്കുന്നതു് ഈ തോടാണ്. ഇതിൻെറ ഉപയോഗമോ? അതാണ് ഏററവും രസമുള്ള സംഗതി. തോട്ടുകൊണ്ടാണ് ഈ ജന്തു മരം തുരക്കുന്നതു്. തേഞ്ഞുപോയാൽ നമ്മുടെ നഖം വളരുന്നതുപോലെ അതു പിന്നെയും നീണ്ടുവരും. ഒരിക്കലും മൂച്ചുകുറയുകയുമില്ല.

ഈ തോട്ടുകളുടെ പിൻഭാഗത്തുനിന്നു് പുറപ്പെട്ടുന്ന കുഴലുകൾ രണ്ടും കൂടിച്ചേർന്നാണു് ഇരിക്കുന്നതു്. തുമ്പുകൾ മാത്രമേ വേർതിരിഞ്ഞുനില്ക്കുന്നുള്ളു. അവ പുറത്തേക്കു നീട്ടി ഈ ജന്തുവും കുഴലൻകക്കയെപ്പോലെ ഉള്ളിലേക്കു് വെള്ളം കേററിയിറക്കുന്നുണ്ടു്. ഈ ജലപ്രവാഹംകൊണ്ടു് തീററി പിടിക്കുക എന്ന ഉപയോഗമില്ല. ശ്വാസോച്ഛ്വാസത്തിനുംമററുമാണ് അതു് ഉപകരിക്കുന്നതു്.

തുരപ്പൻെറ മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞിൻെറ പടമാണ് പ്രത്യേകം കാണിച്ചിരിക്കുന്നതു്. അതു് വളരെവളരെ ചെറുതായി എറുമ്പരത്തിൻെറ ആകൃതിയിലിരിക്കും. കുറെനാൾ വെള്ളത്തിൽ നീന്തിനടന്ന ശേഷം ഈ കുഞ്ഞു് തക്കസ്ഥാനത്തു് പററിപ്പിടിച്ചു് രൂപംമാറി തുരന്നുതുടങ്ങുന്നു. ഇങ്ങനെയാണ് ഈ ജന്തു മുമ്പില്ലാതിരുന്ന വള്ളങ്ങളിലുംമററും കടന്നുകൂടുന്നതു്. അല്ലാതെ തുരപ്പൻതന്നെ നീർക്കോലിയെപ്പോലെ വെള്ളത്തിലിറങ്ങി നീന്താറില്ല. കൊച്ചിത്തുറമുഖത്തുംമററും ഈ ജന്തുവിനെക്കൊണ്ടുള്ള ഉപദ്രവം വളരെയുണ്ടു്.

Digitized by Kerala Sahitya Akademi


## 11. മുള്ളൻതേങ്ങ അല്ലെങ്കിൽ മൂര

മുള്ളൻപന്നിയെപ്പറ്റി കേട്ടിട്ടുണ്ടു്; ഇല്ലേ? പക്ഷേ, മുള്ളുണ്ടെങ്കിലും അതൊരു പന്നിയല്ല. എലിയാണെന്നു പറയുന്നതായിരിക്കും കുറേക്കൂടി ശരി. അല്ലെങ്കിൽ ഒരുതരം പെരുച്ചാഴി എന്നു പറഞ്ഞുകൊള്ളുക. എന്തായാലും പന്നിയല്ല. മുള്ളൻതേങ്ങായുടെ കാര്യവും ഇതുപോലെയാണു്. അതു തേങ്ങയല്ല. തെങ്ങിനോടാകട്ടെ, മറേറതെങ്കിലും വൃക്ഷത്തോടാകട്ടെ യാതൊരു ബന്ധവുമില്ല. കടലിൽ വളരുന്ന ഒരു ജന്തുവാണതു്. അതിൻെറ പുറമെല്ലാം നീണ്ടു ബലമുള്ള മുള്ളുകൊണ്ടു് മൂടപ്പെട്ടിരിക്കുന്നു. അകത്തു് തേങ്ങയുടെയോ, കുട്ടിമത്തങ്ങയുടെയോ ആകൃതിയുള്ള ഒരു തോടുമുണ്ടു്. കന്യാകുമാരിയിൽ പോയാൽ മുക്കുവസ്ത്രീകൾ ഈ തോടു് 'കടൽതേങ്ങ' എന്നു പറഞ്ഞു് വില്ക്കാൻ കൊണ്ടുനടക്കുന്നതു കാണാം. ഈ തോടാണു് പടത്തിൽ പ്രത്യേകം കാണിച്ചിരിക്കുന്നതു്.

കന്യാകുമാരിയിലെപ്പോലെ പാറക്കെട്ടുകളുള്ള കടലിലാണു് മൂര എന്നു പറയുന്ന ഈ ജന്തു ജീവിക്കുന്നതു്. തിരയടിയേററുകൊണ്ടു് പാറയ്ക്കിടയിൽ പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. ഒരു ചെറിയ ചുവപ്പുകൂടി ചേർന്ന കറുപ്പുനിറമാണു്. മുള്ളുകൾക്കു് മൂന്നും നാലും ഇഞ്ചു നീളം കാണും. അതു് അടർത്തിയെടുത്തു് ഉണക്കിയാൽ സ്ലേററിന്മേൽ എഴുതാൻ കൊള്ളാം. മൂര മുള്ളുകൾ അനക്കുന്നതു കണ്ടാൽ കൗതുകം തോന്നും. പാറപ്പുറത്തോ വെള്ളത്തിലോ എന്തൊക്കെയോ എഴുതുവാൻ ശ്രമിക്കുകയായിരിക്കാം.

വിശപ്പു സഹിക്കാതെ വരുമ്പോൾ മൂക്കുവക്കുട്ടി

Digitized by Kerala Sahitya Akademi



മുള്ളൻതേങ്ങ അല്ലെങ്കിൽ മുര

കൾ മുള്ളൻതേങ്ങ ഉടച്ചു കുടിക്കാറുണ്ടു്. അറപ്പുതീന്നാൽ അതിനും നല്ല രുചിയുണ്ടായിരിക്കുമെന്നാണു് കരുതേണ്ടതു്. ഞാൻ ഒരിക്കൽ ഒരെണ്ണം ഉടച്ചുവാങ്ങുകയുണ്ടായി. പക്ഷേ, കുടിച്ചു കുടിച്ചില്ല എന്നായപ്പോൾ കടലി

Digitized by Kerala Sahitya Akademi

ലേക്കുതന്നെ എറിഞ്ഞുകളഞ്ഞു. സ്വാദുകേടുകൊണ്ടല്ല. എന്തോ ഒരു വെറുപ്പുതോന്നി.


മൂര, നക്ഷത്രം എന്നു പറയുന്ന ജന്തുവർഗ്ഗത്തിൻെറ ഒരു ഉരുണ്ട രൂപമാണെന്നു പറയാം. നക്ഷത്രം എന്താണെന്ന് ഈ പുസ്തകത്തിൽ മററൊരിടത്തു് പറഞ്ഞിട്ടുണ്ട്. മൂരയ്ക്കു് നക്ഷത്രത്തെപ്പോലെ കൈകൾ ഇല്ലെന്നുള്ളതാണ് പ്രധാനമായ വ്യത്യാസം. നക്ഷത്രത്തിൻെറ കൈകൾ അഞ്ചും ചുരുങ്ങിച്ചുരുങ്ങി ശരീരത്തോടു് ഒട്ടിപ്പോയെന്നു വിചാരിക്കുക. ഇങ്ങനെ സംഭവിച്ചതിനുശേഷം ശരീരം ഒന്നു വീക്കുകകൂടി ചെയ്താൽ അതൊരു മൂരയാകും. ഈ ഉരുണ്ട ശരീരത്തിന്മേൽത്തന്നെയാണ് അതിൻെറ അല്ലിക്കാലുകൾ നില്ക്കുന്നതു്. അടിവശത്തുള്ള വായ്ക്കകത്തു് പല്ലുകളുണ്ട്. ഈ ജന്തുവും പാറപ്പുറത്തു് പതുക്കെപ്പതുക്കെ നീങ്ങുന്നതു കാണാം. മുകൾവശത്തു് ഒരു പ്രത്യേക സ്ഥാനത്തുള്ള ദ്വാരങ്ങളിലൂടെ ഇതിൻെറ ഉള്ളിലേക്കും കടൽവെള്ളം കടന്നുചെല്ലുന്നുണ്ട്. ഇത്തരം ജന്തുക്കൾക്കെല്ലാം അതൊരു വലിയ ആവശ്യമാണ്.

മൂരകളെല്ലാം ഇതുപോലെ ഉരുണ്ടതല്ല. രാമേശ്വരത്തെയുംമററും കടലിൽ കാണുന്നവയ്ക്കു് പല ആകൃതിവ്യത്യാസങ്ങളുമുണ്ട്. ചിലതു് പരന്നു് അപ്പംപോലെയായിരിക്കും. മററു ചിലതിനു് ചക്കക്കുരുവിൻെറ ആകൃതിയാണ്. പക്ഷേ, അവയുടെയൊന്നും മുള്ളുകൾക്കു് കന്യാകുമാരിയിലെ മൂരയുടെ പുറത്തുള്ള സ്ലേററുപെൻസിലിൻെറ വണ്ണമില്ല. ചകരിനാരുപോലുള്ള മുള്ളുകൾ കൊണ്ടാണ് അവയുടെ ശരീരം മൂടപ്പെട്ടിരിക്കുന്നതു്. അവ മിക്കപ്പോഴും കടലിലെ മണ്ണിൽ പുതഞ്ഞുകിടക്കുന്നതു കാണാം.

Digitized by Kerala Sahitya Akademi

# 12. കടൽക്കുതിര

എന്തൊക്കെ പറഞ്ഞാലും കടൽക്കുതിര എന്ന പേരു് ഈ ജന്തുവിന്ന വളരെ യോജിച്ചതാണു്. നോക്കുക, തലയുടെ വടിവും കഴുത്തിന്റെ വളവും. കുതിരയുടെ മട്ടുതന്നെ. പക്ഷേ, കാലില്ല. വാലിന്നു വ്യത്യാസവുമുണ്ടു്. എന്നാലും നമുക്കു് ഇതിനെ കുതിര എന്നുതന്നെ വിളിക്കാം.



കടൽക്കുതിര

കടൽക്കുതിരയ്ക്കു നാലഞ്ചു് ഇഞ്ചുവരെ നീളം കാണും. കടൽച്ചെടികളുടെ ഇടയ്ക്കാണു താമസം. നീണ്ട വാലു ചെടിക്കമ്പുകളിൽ ചുറ്റിപ്പിടിച്ചു മേലോട്ടു നിവർന്നുനില്ക്കുന്നതു കാണാം. ചിലപ്പോൾ തലകീഴായി തൂങ്ങിക്കിടക്കുകയും ചെയ്യും. പിടിവിട്ടു നിവർന്നുതന്നെ നീന്തുവാനും കഴിവുണ്ടു്. ഇതു പക്ഷേ, വളരെ പതുക്കെയാണു്. കഴുത്തിന്റെ ഇരുവശത്തും വിശറിപോലെ രണ്ടു് അവയ

Digitized by Kerala Sahitya Akademi

വങ്ങളുണ്ട്. അവ അങ്ങനെ വിറച്ചുനില്ക്കുന്നതു കാണാം. മുതുകത്തുമുണ്ട് ഇത്തരം ഒരു അവയവം. ഈ വിശറികളും അവയെ വിറപ്പിക്കുന്ന മട്ടും കണ്ടാൽ നാം മത്സ്യങ്ങളെ ഓർമ്മിച്ചുപോകും. അവയിലാണല്ലോ ഇത്തരം 'ചിറകുകൾ' സാധാരണ കാണുന്നതു്.

വാസ്തവത്തിൽ കടൽക്കുതിരയും ഒരു മീനാണ്. തലയ്ക്കു് കുതിരത്തലയുടെ ആകൃതിയുണ്ടെന്നേയുള്ളു. ഇതു പക്ഷേ, പുറംപൂച്ചാണ്. അകമെല്ലാം ശരിക്കും മീനിൻെറ ലക്ഷണംതന്നെ. സൂക്ഷിച്ചു നോക്കിയാൽ പുറമേയും ഇതിൻെറ തെളിവു കാണാം. കഴുത്തിൻെറ തൊട്ടു മുൻപിലായി, തലയുടെ ഇരുവശത്തും വട്ടത്തിലുള്ള ഓരോ അടപ്പുണ്ട്. ഇതു രണ്ടും കൂടെക്കൂടെ തുറക്കുകയും അടയുകയും ചെയ്യുന്നതു കാണാം. ഇങ്ങനെയുണ്ടാകുന്ന പഴുതിലൂടെ വെള്ളവും പുറത്തേക്കു വരും. ഇതു മത്സ്യങ്ങളുടെ സമ്പ്രദായമാണ്. വായിൽ വെള്ളം നിറച്ചു് ഈ ദ്വാരങ്ങളിലൂടെ പുറത്തേക്കു വിടുക. ഈ ദ്വാരങ്ങൾക്കു തെകിള എന്നു പറയും. നാം ശ്വാസം എടുക്കുകയും വിടുകയും ചെയ്യുന്നതുപോലെ മത്സ്യങ്ങൾക്കുള്ള ഒരാവശ്യമാണിതു്. ഇങ്ങനെ വെള്ളം കയററിയിറക്കിയില്ലെങ്കിൽ മീൻ ശ്വാസംമുട്ടി ചത്തുപോകും. അതിൻെറ ശ്വാസം വെള്ളത്തിൽ അലിഞ്ഞാണു വരുന്നതെന്ന വ്യത്യാസമേയുള്ളു. വെള്ളത്തിൽനിന്നു പിടിച്ചെടുത്തു കരയ്ക്കിട്ടാൽ, തെകിള തുറക്കുമെങ്കിലും മീൻ ചത്തുപോകുന്നതിൻെറ കാരണം ഇതാണ്.

മത്സ്യങ്ങൾ മുട്ടയിടുകയാണല്ലോ പതിവു്. കുതിരക്കോലം കെട്ടിയ ഈ വിദ്വാൻെറ സ്വഭാവവും അതു തന്നെയാണ്. വെറും മീൻമുട്ടയാണെങ്കിലും നമുക്ക് അതിനെ കുതിരമുട്ടയെന്നു വിളിക്കാം. പെൺകുതിര

Digitized by Kerala Sahitya Akademi


യാണു മുട്ടയിടുന്നതെങ്കിലും അതിനെ അടവെച്ചു വിരിച്ചെടുക്കേണ്ട ചുമതല ആണിൻേറതാണു്. അവൻേറ വാലിൻേറ ചുവട്ടിൽ അടിവശത്തായി ഒരു സഞ്ചി കാണാം. ഇതു വേണ്ടപ്പോൾ മാത്രമേ ഉണ്ടായിവരുന്നുള്ളു. പെൺകുതിര അടുത്തുവന്നു് ഈ സഞ്ചിക്കകത്തേക്കാണു മുട്ടയിടുന്നതു്. ചിലപ്പോൾ രണ്ടും മൂന്നും പെൺകുതിരകൾ ഒരേ ആൺസഞ്ചിതന്നെ ഉപയോഗിക്കാറുണ്ടു്. മുട്ട നിറഞ്ഞാൽ സഞ്ചിയുടെ ദ്വാരം മൂടിപ്പോകും. മുഴച്ചുനില്ക്കുന്ന ഈ സഞ്ചിയുംകൊണ്ടാണു് ആൺകുതിരയുടെ പിന്നത്തെ ജീവിതം. കുറെനാൾ കഴിയുമ്പോൾ ഈ മുഴയുടെ ഉള്ളിൽക്കിടന്നു മുട്ടയെല്ലാം വിരിയും. വേണ്ടത്ര സ്ഥലമില്ലാത്തതുകൊണ്ടു് സഞ്ചിക്കകത്തു കിടന്നു കുതിരക്കുട്ടികൾ വളരെ ബഹളമുണ്ടാക്കും. ഉന്തിയും തള്ളിയും ഇളകിയും മറിഞ്ഞും ഒടുവിൽ അവ അച്ഛന്റെ മുഴ പൊട്ടിക്കും. ചിലപ്പോൾ അച്ഛൻതന്നെ ചെടിക്കൊമ്പുകളിലും മററും അമർത്തി കുഞ്ഞുങ്ങളെ സഞ്ചിയിൽനിന്നു പുറത്തുചാടിക്കാറുണ്ടു്. പുറത്തു കടന്നാൽ പിന്നെ കുട്ടിക്കുതിരകൾക്കു സുഖമാണു്. ഓരോന്നും ഓരോ വഴിക്കു പോയി തൻേറ പാടുനോക്കുന്നു. കീറിയ സഞ്ചിയുടെ മുറിക്കൂടി അച്ഛനും സുഖമായി കഴിയും.

Digitized by Kerala Sahitya Akademi

# 13. കടൽവെള്ളരിക്ക

കണിവെയ്ക്കുവാൻപോലും ഉപയോഗിക്കത്തക്കവ ണ്ണം അഴകേറിയ ഒരു വസ്തുവിൻെറ പേരാണ് വൃത്തി കെട്ട ഈ ജന്തുവിനു് ഇട്ടിരിക്കുന്നതു്. ചില ദിക്കിൽ അതിനെ കടലട്ട എന്നും വിളിക്കാറുണ്ടു്. പക്ഷേ, ഒരു കാര്യം സമ്മതിക്കണം. അതിനു് ആകെക്കൂടി ഒരു നീളൻവെള്ളരിക്കയുടെ ആകൃതിയുണ്ടു്. നിറം നല്ല കറു പ്പോ ഇളംകറുപ്പോ ആയിരിക്കും. അതായതു് മുകൾ വശം. മണ്ണിൽ തൊട്ടുകിടക്കുന്ന അടിവശം എപ്പോഴും വെളുപ്പാണു്. തൊട്ടുനോക്കിയാൽ എരുമത്തോലുപോ ലെ പരുപരുത്തിരിക്കും. നല്ല തെളിഞ്ഞ കടൽവെള്ള ത്തിൽ ആരുടെയും ശല്യമില്ലാതെ കിടക്കുമ്പോൾ മുന്നും പിന്നും തിരിച്ചറിയാൻ പ്രയാസമില്ല. മുൻപിലെ അറ്റ ത്തു സാമാന്യം വലുതായ ഒരു വായും അതിനു ചുററുമാ യി പൂങ്കുലപോലുള്ള അല്ലികളും ഉണ്ടു്.

ഈ ജന്തു നക്ഷത്രത്തിൻെറയും മുരയുടെയും ചാച്ചി യിൽ പെട്ടതാണു്. പക്ഷേ, ഇതിൻെറ ശരീരം അവ



കടൽവെള്ളരിക്ക

Digitized by Kerala Sahitya Akademi

യുടേതുപോലെ ഉറപ്പുള്ളതല്ല. ഇതിൻെറ പുറത്തും വരി വരിയായി നില്ക്കുന്ന അല്ലിക്കാലുകളുണ്ടു്. അവയുടെ സഹായത്താൽ ഈ ജന്തുവിനും നിരങ്ങിനടക്കാൻ സാധിക്കും. പക്ഷേ, സാധാരണയായി അതു് എവിടെയെങ്കിലും മടിപിടിച്ചിട്ടെന്നപോലെ കിടക്കുകയാണു ചെയ്യുന്നതു്. നമ്മുടെ കടൽത്തീരത്തു് അവയെ ധാരാളമായി കാണാം. ആഴം കുറഞ്ഞു്, ചെളിയില്ലാതെയുള്ള സ്ഥലങ്ങളാണു് അവയ്ക്കിഷ്ടം. വെള്ളത്തിൽ കിടക്കുന്നതു കണ്ടാൽ നമുക്കു കൈകൊണ്ടു തൊടുവാൻ തോന്നുകയില്ല. അഥവാ എടുത്താൽത്തന്നെയും അതു നമ്മെക്കൊണ്ടു 'ഛെ!' എന്നു പറയിക്കാതിരിക്കുകയില്ല. ആദ്യമായി അതു് അകത്തുള്ള വെള്ളമെല്ലാം പുറത്തേക്കു ചീററിപ്പായിക്കും. എന്നിട്ടും വിട്ടില്ലെങ്കിൽ, അത്ഭുതകരമായ മറെറാരു വിദ്യ പ്രയോഗിക്കും. അതിൻെറ ശരീരം ആകെക്കൂടി ഒന്നു ചുളുങ്ങുന്നതു കാണാം. അടുത്ത ക്ഷണത്തിൽ അതിൻെറ കുടലും പണ്ടവുമെല്ലാം പുറത്തുവരും. നൂലാമാലപോലെ നീണ്ടുകുരുങ്ങി, കുഴഞ്ഞുമറിഞ്ഞു്, ഇഴുകിപ്പിടിക്കുന്ന ഈ സാധനങ്ങൾ കാണുന്ന മാത്രയിൽത്തന്നെ അതിനെ നാം ആവോളം അകലത്തേക്കു് എറിയാതിരിക്കുകയില്ല. പിന്നെ എത്ര പ്രാവശ്യം കൈ കഴുകിയാലാണു തൃപ്തിവരുക! ഈ വിദ്യ നമ്മെ തോല്പിക്കാൻവേണ്ടി മാത്രം പ്രയോഗിക്കുന്നതാണെന്നു ധരിക്കരുതു്. ഈ ജന്തുവിനു് ആപത്തിൽനിന്നു രക്ഷപ്പെടുവാനുള്ള ഉപായമാണിതു്. ഉപദ്രവം സഹിക്കാതാകുമ്പോൾ അതു് ഈ വൃത്തികെട്ട വിദ്യ പ്രയോഗിക്കുന്നു. കുടലു പറിച്ചെടുത്തു കാണിച്ചാലും വാഴനാരാണെന്നു പറയുന്ന ചില ക്രൂരഹൃദയന്മാരെപ്പററി നിങ്ങൾ കേട്ടിരിക്കും. മററു മനുഷ്യരുടെനേക്കാണു് അവരിങ്ങ

Digitized by Kerala Sahitya Akademi

നെ കണ്ണിൽച്ചോരയില്ലാതെ പെരുമാറുന്നതായി പറയാറുള്ളതു്. കുടലു പറിച്ചുകാണിക്കാവുന്ന മനുഷ്യർ ഉണ്ടെന്നു് ഇതിനു് അർത്ഥമില്ല. സഹിക്കവയ്യാതായിട്ടു് അങ്ങനെ പറഞ്ഞുപോകുന്നു എന്നേയുള്ളു. ഏതായാലും ഇത്തരം ക്രൂരന്മാരുടെ കൈയിലാണു കടൽവെള്ളരിക്ക കൊടുക്കേണ്ടതു്. 'മതിയേ മതി' എന്നു സമ്മതിച്ചുകൊണ്ടു് അവർ ഓടാതിരിക്കുകയില്ല.

കുടലു കളഞ്ഞ ഒരു ജന്തു പിന്നെയും ജീവിക്കുമോ എന്നു നിങ്ങൾ അത്ഭുതപ്പെട്ടുന്നുണ്ടാവും. തീർച്ചയായും ജീവിക്കും. അല്ലെങ്കിൽ ഈ വിദ്യയ്ക്കു് അർത്ഥമില്ലല്ലോ. ചാകുമെന്നുണ്ടെങ്കിൽ കുടലുംകൂടി കളഞ്ഞിട്ടു വേണമെന്നില്ല. ശത്രുക്കളുടെ കൈയിൽ പെട്ടു ചാകാതിരിക്കാനുള്ള ഉപായമാണിതു്. ആപത്തിൽനിന്നു രക്ഷപ്പെട്ടാൽ കുറച്ചുനാളത്തേക്കു് അല്പം അസൗകര്യമുണ്ടാകും. അതു കഴിഞ്ഞാൽ വീണ്ടും കുടലും അകത്തുള്ള മററവയവങ്ങളും പഴയപടി ഉണ്ടായിവരുകയും അതു സുഖമായി ജീവിതം തുടരുകയും ചെയ്യുന്നു.


ചൈനയിലും ജപ്പാനിലും ഈ ജന്തുവിനെ തിന്നാറുണ്ടു്. അതു വളരെ രുചിയുള്ള ആഹാരമായിട്ടാണു് അവിടെയുള്ളവർ കരുതുന്നതു്. അവരുടെ ആവശ്യത്തിനായി ഈ ജന്തുവിനെ നമ്മുടെ നാട്ടിൽനിന്നു ധാരാളമായി ശേഖരിച്ചു് ഉണക്കി അയച്ചുവന്നിരുന്നു. കഴിഞ്ഞ യുദ്ധകാലത്തു് ഈ കച്ചവടം മുടങ്ങിപ്പോയി. വീണ്ടും തുടങ്ങിയിട്ടുണ്ടാവും.

Digitized by Kerala Sahitya Akademi

# 14. വാവൽ വഴിയറിയുന്നതു്

പണ്ടു് പക്ഷികളും മൃഗങ്ങളുംകൂടി പോരടിച്ചപ്പോൾ രണ്ടു വശത്തും ചേരാൻ പോയ ഒരു വിദ്വാനില്ലേ? വാവൽ, വവ്വാൽ, ആവൽ, കടവാതിൽ എന്നൊക്കെ പറയും. ചെറിയ ജാതിയെ നരിച്ചീറെന്നും വിളിക്കും. ഈ ജന്തുവിനെപ്പററി രസകരമായ ഒരു കഥ പറയാം.

അതിനു് ഇരുട്ടാണു് ഇഷ്ടം. പകലെല്ലാം കണ്ണടച്ചു് ഇരുട്ടാക്കുകയാണു പതിവു്. ചിലജാതി വാവലു



വാവൽ വഴിയറിയുന്നതു്

Digitized by Kerala Sahitya Akademi

കൾ ഭൂമിക്കടിയിലുള്ള വലിയ ഗുഹകളിലാണു പകൽ സമയം കഴിച്ചുകൂട്ടുന്നതു്. സന്ധ്യ മയങ്ങുമ്പോൾ പറന്നു പുറത്തു കടക്കും. ചിലപ്പോൾ ഒരൊററ ഗുഹയിൽ നിന്നു ലക്ഷക്കണക്കിനാണു് ഇവ പുറത്തുവരുന്നതു്, മഴപ്പാററകളെപ്പോലെ.

വാവലിനു കണ്ണുകാണുകയില്ലെന്നു പറയാറുണ്ടു്. ഇതബദ്ധമാണു്. പക്ഷേ, എത്ര നല്ല കണ്ണായാലും ഗുഹയ്ക്കകത്തെ കൂരിരുട്ടിൽ അതുകൊണ്ടു് ഒരു പ്രയോജനവുമില്ല. വെളിച്ചമില്ലെങ്കിൽ കണ്ണുകൊണ്ടു് ഉപയോഗമില്ല. എന്നാലും ഈ ജന്തുക്കൾ അതിനുള്ളിലൊക്കെ സുഖമായി പറന്നുനടക്കാറുണ്ടു്. ഒരാപത്തും പററാറില്ല. അങ്ങുമിങ്ങും ചെന്നു മുട്ടി മുറിവും ചതവും ഏല്ക്കാറില്ല. ഇതെങ്ങനെ സാധിക്കുന്നു എന്നു് അറിയാൻവേണ്ടി ഒരാൾ ഒരിക്കൽ ഒരു വിദ്യ ചെയ്തു. കുറെ വാവലുകളെ പിടിച്ചു്, അവയുടെ കണ്ണെല്ലാം നല്ലപോലെ മറച്ചു കെട്ടി, നെടുകെയും കുറുകെയും ധാരാളം കമ്പികളുള്ള ഒരു മുറിക്കകത്തു കടത്തിവിട്ടു. അവയ്ക്കു് ഒരു വിഷമവും ഉണ്ടായില്ല. കമ്പിയിലെങ്ങും തൊട്ടുകപോലും ചെയ്യാതെ അവ യഥേഷ്ടം പറന്നുകൊണ്ടിരുന്നു. അങ്ങനെ കണ്ണിൻെറ സഹായംകൊണ്ടല്ല ഇതു സാധിക്കുന്നതെന്നു തെളിഞ്ഞു. അടുത്തതായി അവയുടെ ചെവി അടച്ചു നോക്കി. (ഇടയ്ക്കൊന്നു പറയട്ടെ, വാവലുകൾക്കെല്ലാം വലിയ ചെവിയുണ്ടു്. അവയുടെ ഒരു പ്രത്യേകലക്ഷണമാണിതു്.) ഇങ്ങനെ ചെയ്തപ്പോൾ കാര്യം കുഴപ്പത്തിലായി. അവയ്ക്കു പറക്കുവാൻ വിഷമമുണ്ടായി. ഉന്തിത്തള്ളി വിട്ടാൽപ്പോലും പറക്കാതെ പരുങ്ങിത്തുടങ്ങി. അഥവാ പേടിച്ചുപേടിച്ചു പറക്കാൻ മുതിന്നാൽ കമ്പികളിൽ കുരുങ്ങി അപകടത്തിലാകുമെന്നുള്ളതും തീച്ചയായി.

Digitized by Kerala Sahitya Akademi

അപ്പോൾ ചെവിയിലാണ വാവലിൻെറ വിദ്യ യിരിക്കുന്നതെന്നു വ്യക്തമായല്ലോ. പക്ഷേ, ഒരു കാര്യം: വാവൽ പറക്കുമ്പോൾ ശബ്ദമൊന്നും പുറപ്പെടുവിച്ചു കേൾക്കാറില്ല. ശബ്ദമുണ്ടാകാത്ത നിർജ്ജീവവസ്തുക്കളുടെ ഇടയിലൂടെയാണ് അവ പറന്നുനടക്കുന്നതും. ഇതിൻെറ രഹസ്യം എന്തെന്നു പറയാം.

വാസ്തവത്തിൽ ഈ ജന്തുക്കൾ പറക്കുന്ന സമയത്തു് ശബ്ദം പുറപ്പെടുവിക്കുന്നുണ്ടു്. നാം അതു കേൾക്കുന്നില്ലെന്നേയുള്ളു. നമുക്കു കേൾക്കുവാൻ കഴിയാത്തവണ്ണം പതുക്കെയുള്ള ശബ്ദം ഉള്ളതുപോലെ, നമുക്കു് കേൾക്കുവാൻ കഴിയാത്തവണ്ണം ഉറക്കെയുള്ള ശബ്ദവുമുണ്ടു്. ഈ രണ്ടാമത്തെ ജാതി ശബ്ദമാണു് വാവല്ുകൾ പുറപ്പെടുവിക്കുന്നതു്. നമ്മുടെ ചെവികൊണ്ടു കേൾക്കുവാൻ കഴിവില്ലെങ്കിലും നമ്മുടെ യന്ത്രങ്ങൾകൊണ്ടു് ഈ ശബ്ദത്തെ 'കണ്ടു'പിടിക്കുവാൻ കഴിയും. നാം കേട്ടില്ലെങ്കിലും നമ്മുടെ യന്ത്രങ്ങൾ കേൾക്കും. ഇങ്ങനെയുള്ള യന്ത്രങ്ങൾകൊണ്ടു പരിശോധിച്ചപ്പോഴാണു്, വാവലുകൾ പറക്കുമ്പോൾ ഉറക്കെയുള്ള ശബ്ദം പുറപ്പെടുവിക്കുന്നുണ്ടെന്നു മനസ്സിലായതു്. അവയ്ക്കു് ഈ ശബ്ദം പുറപ്പെടുവിക്കാൻ മാത്രമല്ല കേൾക്കാനും കഴിവുണ്ടു്. ഈ ശബ്ദം വസ്തുക്കളിൽ തട്ടുമ്പോഴുണ്ടാകുന്ന മാറെറാലി കേട്ടാണു് അവ തടസ്സങ്ങൾ മനസ്സിലാക്കുന്നതു്. കാഴ്ചയില്ലാത്ത മനുഷ്യർ വടികൊണ്ടു് തട്ടിത്തട്ടി നടക്കുന്നതു് നിങ്ങൾ കണ്ടിരിക്കുമല്ലോ. അതിൻെറ ഉദ്ദേശം ഇതു തന്നെയാണു്. കണ്ടറിയാൻ കഴിയാത്തതു് കേട്ടറിയുക.

വാവലിൻെറ വൻചെവിക്കുള്ള പ്രാധാന്യം ഇതാണു്. അതു് അടച്ചു മൂടിക്കളഞ്ഞാൽ അവയ്ക്കു് വഴിയറിയാൻ നിവൃത്തിയില്ല. വസ്തുക്കളുടെ സ്ഥാനവും ദൂരവും



Digitized by Kerala Sahitya Akademi

'കേട്ട' മനസ്സിലാക്കുന്നതിൽ അവ വിരുതരാണു്. അതു നിഷ്പ്രയാസം സാധിക്കുകയും ചെയ്യുന്നു. ആലോചിക്കുകയും കണക്കുകൂട്ടുകയും ഒന്നും വേണ്ട. നാം കണ്ണിന്റെ സഹായത്തോടെ തടസ്സങ്ങളെ മനസ്സിലാക്കി ഒഴിഞ്ഞുമാറുന്നതുപോലെ, അവ ചെവിയുടെ സഹായത്തോടെ പ്രതിബന്ധങ്ങൾ അറിഞ്ഞു് ഒഴിഞ്ഞുമാറുന്നു. രണ്ടും താനേ ഉണ്ടാകുന്ന ചേഷ്ടകളാണു്.

ഇതുപോലെയുള്ള ഒരു വിദ്യ ഇന്നു് വിമാനസഞ്ചാരത്തിൽ പ്രയോഗിച്ചുവരുന്നുണ്ടു്. മൂടൽമഞ്ഞിൽ അകപ്പെടുന്ന വിമാനത്തിൽ ഇരുന്നുകൊണ്ടു് താവളങ്ങളുംമററും നോക്കിക്കാണുവാൻ സാദ്ധ്യമല്ല. അപ്പോൾ വാവൽ വഴിയറിയുന്നതുപോലെ നല്ല വേഗമുള്ള ഒരു തരം ശക്തി പുറപ്പെടുവിച്ചു് അതു വസ്തുക്കളിൽ ചെന്നു തട്ടിയുണ്ടാക്കുന്ന മാറെറാലി ശ്രദ്ധിച്ചു് വഴി മനസ്സിലാക്കുവാൻ വൈമാനികന്മാക്കു കഴിയുന്നു. നോക്കെത്താത്ത അകലത്തിൽനിന്നുപോലും ഇത്തരം മാറെറാലികൾ ലഭിക്കാവുന്നതാണു്. ഇതു് വലിയ ഒരനുഗ്രഹമാണെന്നു പറയേണ്ടതില്ലല്ലോ. കരകാണാതെ ഉഴലുന്ന വൈമാനികനു് തന്റെ യന്ത്രത്തിന്റെ സഹായത്താൽ കര എവിടെയാണെന്നു കണ്ടുപിടിക്കാം. കരയ്ക്കു നില്ക്കുന്നവക്കു വേണമെങ്കിൽ ഇത്തരം യന്ത്രങ്ങളുടെ സഹായത്താൽ വിമാനങ്ങൾ വല്ലതും വരുന്നുണ്ടോ എന്നും മനസ്സിലാക്കാം. വിമാനത്തിൽ കയറിച്ചെന്നു് അന്യരുടെ തലയിൽ ബോംബിടുവാൻ ലാക്കുനോക്കിയിരിക്കുന്നവക്കു് ഇതൊരു ശല്യമാണു്. ഇങ്ങനെയാണു് രണ്ടാം ലോകമഹായുദ്ധത്തിൽ ലണ്ടൻനഗരത്തെ ബോംബിട്ടു നശിപ്പിക്കുവാൻ വന്ന ജമ്മൻകാരെ ഇംഗ്ലീഷുകാർ തോല്പിച്ചതു്.

★

Digitized by Kerala Sahitya Akademi

# പ്രകൃതിപാഠങ്ങൾ–II

**ഡോ. കെ. ഭാസ്കരൻനായർ**

അത്ഭുതകരമായ എന്തെന്തു രൂപങ്ങളിലാണ് ഈ ലോകത്തു ജീവൻ കുടികൊള്ളുന്നതെന്ന വസ്തുത നമ്മെ വിസ്മയിപ്പിക്കാൻ പോന്നതാണ്. കടലിലും കരയിലുമായി എത്രയോതരം വിചിത്ര ജീവികളുണ്ട്! കടലിലെ നക്ഷത്രം എന്ന ജീവിയുടെ കാര്യംതന്നെ എടുക്കാം: കടലിൽനിന്നു കരയ്ക്കെടുത്തിട്ടാൽ ചത്തുപോകുന്നതാണതു്. തല, വാല്, കാല് തുടങ്ങിയ അവയവങ്ങളൊന്നുമില്ലാത്ത 'പറങ്കിപ്പടക്കപ്പൽ' എന്ന വിചിത്രജീവിയും മറെറാരു ഉദാഹരണമാണ്. കടലിലെ മഷിക്കുപ്പി, ഒട്ടകപ്പക്ഷി, കടൽപേന, കടൽചൊറി, മുനിഞ്ഞണ്ട്, കപ്പൽതുരപ്പൻ, മുള്ളൻതേങ്ങ, കടൽവെള്ളരിക്ക തുടങ്ങിയ ജീവികളെപ്പററിയുള്ള വിവരണങ്ങൾ നമ്മിൽ അത്ഭുതവും ജിജ്ഞാസയും ഉളവാക്കും. ശാസ്ത്രീയമായ വിവരങ്ങൾ തികച്ചും ലളിതമായ ഭാഷയിൽ പ്രതിപാദിക്കുകയാണ് ഗ്രന്ഥകാരൻ. വിദ്യാർത്ഥികൾക്കും പ്രയോജനപ്രദമാണ് ഈ 'പ്രകൃതിപാഠങ്ങൾ'.

വില 1·50

**നാഷനൽ ബുക്ക്സ്റ്റാൾ**

Digitized by Kerala Sahitya Akademi